# (ZÚME)

(ZÚME) ഗൈഡ് ബുക്ക്

# ഉള്ളടക്കം

സ്വാഗതം, 3
S. O. A. P. S. വചനവായന, 5
കണക്കു കൊടുക്കൽ ഗ്രൂപ്പുകൾ, 6
പ്രാർത്ഥനാ ചക്രം, 9
നൂറു പേരുടെ ലിസ്റ്റ്, 10
സുവിശേഷം, 15
സൃഷ്ടി മുതൽ ന്യായവിധി വരെ, 15
സ്നാനം, 17
3 മിനിറ്റ് സാക്ഷ്യം, 19
കർത്താവിന്റെ അത്താഴം, 20
പ്രാർത്ഥനാ നടത്തം, 22
B. L. E. S. S. പ്രാർത്ഥന, 24
3/3 ഗ്രൂപ്പ് മാതൃക, 26
പരിശീലനചക്രം, 29
നേതൃത്വസെല്ലുകൾ, 32
ത്രൈമാസപദ്ധതി, 34
കോച്ചിങ് ചെക്ക് ലിസ്റ്റ്, 36
പീർ മെന്ററിങ്' ഗ്രൂപ്പുകൾ, 39
നാലുനില വിശകലനം, 41
ലളിതമായ സഭ
തലമുറകളുടെ ഭൂപടം, 42
അനുബന്ധം, 43

# Zume പരിശീലനത്തിലേക്കു സ്വാഗതം!

നിങ്ങൾ വന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു!

ഇതൊരു ഓൺ ലൈൻ പരിശീലനമാണ്. യേശുവിനെ അനുഗമിക്കുന്ന ചെറിയ കൂട്ടങ്ങൾക്കുള്ള ജീവിത പാഠങ്ങൾ ഇതിലുണ്ട്. യേശുവിന്റെ മഹാനി യോഗം എങ്ങനെ അനുസരിക്കാമെന്നും, പെരുകുന്ന ശിഷ്യരെ ഉളവാക്കുന്നതെങ്ങനെയെന്നും പഠിപ്പിക്കുന്നതാണിത്.

## സെഷൻ രീതി

അടിസ്ഥാനമായ 9 സെഷനുകൾ ഇതിലുണ്ട് ZÚME. കൂടാതെ ഒരു അഡ്വാൻസ് സെഷനുമുണ്ട് [നിങ്ങളുടെ ഗ്രൂപ്പിന്റെ ആദ്യ ട്രെയ്നിങ്ങിനു ശേഷം ഇതിലേക്കു മടങ്ങാം]. ഓരോ സെഷനും 2 മണിക്കൂർ വീതമാണ്. അതിലടങ്ങിയിരിക്കുന്നത്:

- ശിഷ്യരെ പെരുക്കുന്നതിന്റെ അടിസ്ഥാന പാഠങ്ങൾ ഗ്രഹിക്കാൻ നിങ്ങളുടെ ഗ്രൂപ്പിനെ സഹായിക്കുന്ന വീഡിയോ, ഓഡിയോ ഉണ്ട്.
- പങ്കിട്ട കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാനുള്ള ഗ്രൂപ്പ് ചർച്ചകൾ.
- പഠിച്ചതു പ്രാവർത്തികമാക്കാൻ സഹായിക്കുന്ന ലളിതമായ അഭ്യാസങ്ങൾ.
- സെഷനുകൾക്കിടയിലുള്ള സമയം പഠിക്കുന്നതിനും വളരുന്നതിനും സഹായകമായ വെല്ലുവിളികൾ.

## പ്രാർത്ഥനയോടെയുള്ള ആരംഭവും സമാപനവും

ലോകമെമ്പാടുമുള്ള നിരവധി ക്രിസ്താതാഗാമികൾ നിങ്ങൾക്കും നിങ്ങളുടെ ഗ്രൂപ്പിനുവേണ്ടിയും പ്രാർത്ഥിക്കുന്നുണ്ട്. ഈ പാഠങ്ങളിലൂടെ നിങ്ങൾ മുന്നോട്ടു പോകുമ്പോഴും അവരുടെ പ്രാർത്ഥന നിങ്ങൾക്കുവേണ്ടിയുണ്ട്. നിങ്ങളുടെ ഗ്രൂപ്പും പ്രാർത്ഥിക്കാൻ മറക്കരുത്.

ഓരോ സെഷന്റെയും തുടക്കത്തിൽ, ദൈവത്തിന്റെ പരിശുദ്ധാത്മാവു നിങ്ങളുടെ ഹൃദയങ്ങളെ ഒരുക്കി, നിങ്ങളെ നയിക്കുന്നതിനായി ഒന്നോ അതിലധികം പേരോ പരിശുദ്ധാത്മാവിനെ ക്ഷണിക്കട്ടെ. ദൈവത്തെ അധികമായി സ്നേഹിക്കുവാനും അറിയുവാനുമുള്ള ഈയവസരത്തിനായി ദൈവത്തിനു നന്ദിയർപ്പിക്കാൻ മറക്കരുത്.അതാണ് എല്ലാവരെക്കുറിച്ചും കർത്താവ് ആഗ്രഹിക്കുന്നത്!

ഓരോ സെഷന്റെയും ഒടുവിലായി, ഗ്രൂപ്പായി പ്രാർത്ഥിക്കാനുള്ള അവസരം വീണ്ടും കിട്ടും. ദൈവമേ, കാര്യങ്ങൾ ഗ്രഹിക്കാൻ സഹായിക്കണമേയെന്ന് അപ്പോൾ പ്രാർത്ഥിക്കാതിരിക്കരുത്. നിങ്ങളെ ദൈവം പഠിപ്പിക്കുന്നതു പ്രായോഗികമാക്കുക, മറ്റുള്ളവരുമായി പങ്കു വയ്ക്കുക.ഗ്രൂപ്പംഗങ്ങളുടെ പ്രത്യേകമായ ആവശ്യങ്ങൾക്കായും പ്രാർത്ഥിക്കണം.

## ഗ്രൂപ്പ് ചർച്ചകൾ

ഗ്രൂപ്പിൽ പഠിച്ചതിനെക്കുറിച്ചെല്ലാം ചർച്ച ചെയ്യാൻ നിങ്ങൾക്ക് അവസരങ്ങളുണ്ട്. അതു പത്തു മിനിറ്റിനുള്ളിലായിരിക്കണം. ഓരോരുത്തരും അതിൽ പങ്കെടുത്ത് അവരുടെ ചിന്തകളും വീക്ഷണങ്ങളും പങ്കുവയ്ക്കാൻ അവരെ പ്രോത്സാഹിപ്പിക്കണം. ആരിലൂടെയെങ്കിലും ദൈവം പറയാനുദ്ദേശിക്കുന്ന കാര്യമുള്ളത് വിട്ടുപോകരുത്.

## പരിശോധന (checking in)

നിങ്ങൾ ഗ്രൂപ്പിൽ പഠിച്ചതൊക്കെ അനുസരിക്കുന്നതും പങ്കുവയ്ക്കുന്നതും എങ്ങനെയെന്നു കാണാനാണ് ഈ പരിശോധന. പ്രധാനപ്പെട്ട ഈ ഭാഗം വിട്ടുകളയരുത്. അപ്പോൾത്തന്നെ വിധിക്കാതിരിക്കാനും ശ്രദ്ധിക്കണം. മറ്റുള്ളവർ വളരത്തക്ക നിലയിൽ അവരെ സഹായിക്കുന്ന ആർദ്രമായ മനസ്സുണ്ടാകാൻ പ്രാർത്ഥിക്കുക.

തയ്യാറാണ്? തുടർന്ന് നമുക്ക് ആരംഭിക്കാം!

# സെഷൻ 01

ഈ ഭാഗത്ത് ZÚME ട്രെയ്നിങ്ങിന്റെ ഒരു അവലോകനം നിങ്ങളുടെ ഗ്രൂപ്പിനു കിട്ടും. ശിഷ്യരാക്കുന്നതിന്റെ രണ്ട് അടിസ്ഥാനപ്രമാണങ്ങൾ പഠിക്കുക, ശിഷ്യരെ പെരുക്കുന്നതിനുള്ള ലളിതമായ രണ്ടു കാര്യങ്ങൾ (tools) കണ്ടെത്തുക.

## S. O. A. P. S. വചനവായന

യേശുവിനെ അനുഗമിക്കുന്നയാളെന്ന നിലയിൽ, ദിവസവും നാം തിരുവെഴുത്തു വായിക്കണം. ആഴ്ചയിൽ കുറഞ്ഞത് 25-30 അദ്ധ്യായങ്ങൾ വായിക്കുന്നതാണു നല്ല ഒരു രീതി. വായിക്കുന്നത് ദിവസവും കുറിച്ചു വയ്ക്കുക. അത് S. O. A. P. S. വചനവായനരീതി അവലംബിച്ചായാൽ, വചനം ഗ്രഹിക്കുന്നതിനും അനുസരിക്കുന്നതിനും കൂടുതലായി പങ്കിടുന്നതിനും നിങ്ങളെ സഹായിക്കും. S. O. A. P. S. എന്നത്:

- തിരുവെഴുത്ത്: നിങ്ങളെ സംബന്ധിച്ച് അർത്ഥവത്തായിത്തോന്നിയ ഒന്നോ അതിലധികമോ വാക്യങ്ങൾ ഇന്നുതന്നെ എഴുതുക.
- നിരീക്ഷണം: ആ വാക്യങ്ങൾ / അവയുടെ പ്രധാനപ്പെട്ട ആശയങ്ങൾ നിങ്ങൾക്കു നന്നായി ഗ്രഹിക്കുന്നതിനുവേണ്ടി വീണ്ടുമെഴുതുക.
- പ്രായോഗികമാക്കൽ: നിങ്ങളുടെ ജീവിതത്തിൽ ഇതിൽനിന്ന് അനുസരിക്കേണ്ടതെന്താണെന്നു ചിന്തിക്കുക.
- പ്രാർത്ഥന: നിങ്ങൾ പഠിച്ചതും അനുസരിക്കാൻ പോകുന്നതുമായ കാര്യത്തെപ്പറ്റി ദൈവത്തോടു പ്രാർത്ഥിക്കുക, ആ പ്രാർത്ഥന എഴുതി വയ്ക്കുക.
- പങ്കുവയ്ക്കൽ: നിങ്ങൾ പഠിച്ചത് / പ്രായോഗികമാക്കിയത് ആരുമായി പങ്കുവയ്ക്കാനാണു ദൈവം ആഗ്രഹിക്കുന്നതെന്നു ദൈവത്തോടു ചോദിക്കുക.

S. O. A. P. S. ന്റെ പ്രായോഗികമായ ഒരു ഉദാഹരണം ഇതാ:

S – "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല;നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു". യെശയ്യാവ് 55: 8,9

O – മനുഷ്യനെന്ന നിലയിൽ എന്റെ അറിവിലും പ്രവർത്തനത്തിലും എനിക്കു പരിമിതിയുണ്ട്. ദൈവത്തിന് അങ്ങനെ പരിമിതിയില്ല ദൈവം എല്ലാം കാണുന്നു, അറിയുന്നു. ദൈവത്തിന് എന്തും ചെയ്യാം.

A – ദൈവം എല്ലാമറിയുന്നവനായതുകൊണ്ടും ദൈവത്തിന്റെ വഴികളെല്ലാം

ഏറ്റവും നല്ലതായതുകൊണ്ടും, എന്റെ കഴിവുകളിലും വഴികളിലുമൊന്നും ആശ്രയിക്കാതെ ദൈവത്തെ അനുഗമിച്ചാൽ, ജീവിതത്തിൽ കൂടുതലായി വിജയിക്കാൻ എനിക്കു കഴിയും.

P – കർത്താവേ, നിനക്കു പ്രസാദകരമായ, മറ്റുള്ളവർക്കു സഹായകമായ ഒരു നല്ല ജീവിതം എങ്ങനെ നയിക്കണമെന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ വഴികളിലൊക്കെ തെറ്റുകുറ്റങ്ങളുണ്ട്. എന്റെ ചിന്തകൾ മുറിവേല്പിക്കുന്നവയാണ്. കർത്താവിന്റെ വഴികളും ചിന്തകളും എന്നെ ഗ്രഹിപ്പിക്കണമേ. ഞാൻ അങ്ങയെ അനുഗമിക്കുമ്പോൾ, പരിശുദ്ധാത്മാവ് എനിക്കു വഴികാട്ടിയാകണമേ.

S – ഈ വാക്യങ്ങളും ഇതിന്റെ പ്രായോഗികത്വവും എന്റെ സ്നേഹിതനായ വിജയനുമായി ഞാൻ പങ്കു വയ്ക്കും. അദ്ദേഹത്തിന് ഇപ്പോൾ ബുദ്ധിമുട്ടുള്ള സാഹചര്യമാണുള്ളത്. പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കാൻ അദ്ദേഹത്തിനു മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമുണ്ട്.

## കണക്കു കൊടുക്കൽ ഗ്രൂപ്പുകൾ

രണ്ടു മൂന്നു സ്ത്രീകൾ, രണ്ടു മൂന്നു പുരുഷന്മാർ തനിത്തനിയായി വേർതിരിഞ്ഞതാണ് കണക്കു കൊടുക്കൽ ഗ്രൂപ്പുകൾ. ആഴ്ചയിലൊരിക്കൽ അവർ ഒത്തുകൂടി ഒരു പിടി ചോദ്യങ്ങൾ ചർച്ച ചെയ്യുന്നു. ശരിയായ കാര്യങ്ങൾ ഏതൊക്കെ മേഖലകളിലാണെന്നും, ശരിയാകേണ്ടത് എവിടെയൊക്കെയാണെന്നും അതിലൂടെ വെളിപ്പെടുന്നു. കൂടിക്കാണാനൊക്കുന്നില്ലെങ്കിൽ, ഫോണിലൂടെയും അതു സാധിക്കാം. ഗ്രൂപ്പിലുള്ളവർ മനസ്സിലാക്കിയിരിക്കേണ്ടുന്ന വസ്തുത, പങ്കു വയ്ക്കുന്നതു സ്വകാര്യമായിരിക്കണമെന്നാണ്.

പ്രവൃത്തി [45 മിനിറ്റ്]. രണ്ടുമൂന്നു സ്ത്രീപുരുഷന്മാർ തനിത്തനിയായിട്ടുള്ള ഗ്രൂപ്പുകളായിത്തിരിയുക. അടുത്ത 45 മിനിറ്റ് കണക്കു കൊടുക്കൽ ചോദ്യങ്ങൾ ചോദിക്കുക, മറുപടി പറയുക. അവ താഴെയുള്ള ലിസ്റ്റ് 2ൽ ഉണ്ട്.ഇതിനു മുമ്പ് ഗ്രൂപ്പിൽ നിങ്ങൾ വായിച്ചിട്ടില്ലാത്തതിനാൽ, മുൻ വായനയെക്കുറിച്ചുള്ള ചോദ്യങ്ങൾ വിട്ടുകളയുക. നിങ്ങളുടെ മുന്നോട്ടുള്ള പരിശീലനത്തിന് ലിസ്റ്റ് 1 ഏറ്റവും നല്ലൊരു ഉപാധിയാണ്.

## കണക്കു കൊടുക്കൽ ചോദ്യങ്ങൾ. ലിസ്റ്റ് 1

യേശുവിനെപ്പോലെയായിത്തീരാൻ പ്രാർത്ഥിക്കുക.

നിങ്ങൾ എങ്ങനെയാണു പ്രവർത്തിക്കുന്നത്? നിങ്ങളുടെ പ്രാർത്ഥനാ ജീവിതം എങ്ങനെയാണ്?

ഏറ്റുപറയാനുള്ള ഏതെങ്കിലും പാപം നിങ്ങൾക്കുണ്ടോ? [ബന്ധങ്ങളിൽ, ലൈംഗികമായി, സാമ്പത്തികമായി, നിഗളം, സത്യസന്ധതയിൽ, അധികാരികൾക്കു കീഴ്പ്പെടുന്നതിൽ എന്നിങ്ങനെ?].

കഴിഞ്ഞ തവണ ദൈവം പറഞ്ഞതു നിങ്ങൾ അനുസരിച്ചോ? വിശദമാക്കുക.

പുതിയ ഒരു വാക്യം മന:പാഠമാക്കിയോ? അതെഴുതുക / പറയുക.

കുറഞ്ഞത് 25 അദ്ധ്യായം തിരുവെഴുത്തിൽനിന്ന് ഈയാഴ്ച വായിച്ചോ?

ഈയാഴ്ചവചനത്തിൽനിന്ന് എന്താണു ദൈവം നിങ്ങളോടു സംസാരിച്ചത്?

അതിന്റെയടിസ്ഥാനത്തിൽ നിങ്ങൾ പ്രത്യേകമായി എന്താണു ചെയ്യാൻ പോകുന്നത്?

നിങ്ങളുടെ 3/3 ഗ്രൂപ്പുമായി ഈയാഴ്ച കണ്ടുമുട്ടിയോ? അത് എങ്ങനെയായിരുന്നു?

3/3 ഗ്രൂപ്പ് പുതുതായിത്തുടങ്ങാൻ നിങ്ങൾ ആരെയെങ്കിലും ഈയാഴ്ച സഹായിച്ചോ? വിശദമാക്കുക.

ക്രിസ്തുവിനോടൊപ്പമുള്ള യാത്രയിൽ നിങ്ങൾക്ക് ഇടർച്ച വരുത്തുന്ന എന്തെങ്കിലും നിങ്ങൾ കാണുന്നുണ്ടോ?

സുവിശേഷം പങ്കിടാൻ ഈയാഴ്ച നിങ്ങൾക്ക് അവസരമുണ്ടായോ? വിവരിക്കുക.

1-3 മിനിറ്റ് സാക്ഷ്യവും സുവിശേഷം പറച്ചിലും ഇപ്പോൾത്തന്നെ പ്രാക്റ്റിസ് ചെയ്യുക.

അടുത്തയാഴ്ച നിങ്ങൾ ആരെയാണു ക്ഷണിക്കുക? ഗ്രൂപ്പ് നാലോ അതിലധികമോ ആണെങ്കിൽ, അതിനെ പെരുക്കുക.

പങ്കിട്ട കാര്യങ്ങളെ വച്ചുകൊണ്ടു പ്രാർത്ഥിച്ച് അവസാനിപ്പിക്കുക.

## കണക്കു കൊടുക്കൽ ചോദ്യങ്ങൾ. ലിസ്റ്റ് 2

കഴിഞ്ഞയാഴ്ചയിലെ വായനയിൽനിന്നു ലഭിച്ച ഉൾക്കാഴ്ച, നിങ്ങളുടെ ചിന്തയെയും ജീവിത രീതിയെയും എങ്ങനെ രൂപപ്പെടുത്തി?

ആ ഉൾക്കാഴ്ച ആരോടാണു നിങ്ങൾ പറഞ്ഞത്, എങ്ങനെയാണത് ആ വ്യക്തി സ്വീകരിച്ചത്?

ദൈവപ്രവൃത്തി നിങ്ങൾ കണ്ടതെങ്ങനെ?

ഈയാഴ്ച, വാക്കിലും പ്രവൃത്തിയിലും യേശുക്രിസ്തുവിന്റെ മഹത്വത്തിന്റെ ഒരു സാക്ഷിയായി നിങ്ങൾ ആയിരുന്നോ?

ലൈംഗികോത്തേജകമായ കാര്യങ്ങൾക്കു നിങ്ങൾ വിധേയപ്പെട്ടോ/അയോഗ്യമായ

ലൈംഗികചിന്തകളിൽ നിങ്ങൾ രസിച്ചോ?

നിങ്ങളുടെ ധനവിനിയോഗത്തിൽ ദൈവത്തിന്റെ ഉടമസ്ഥത നിങ്ങൾ അംഗീകരിച്ചിരുന്നോ?

എന്തെങ്കിലും ദുർമ്മോഹം നിങ്ങൾക്കുണ്ടായോ?

വാക്കുകൾകൊണ്ട് ആരെയെങ്കിലും നിങ്ങൾ മുറിവേല്പിച്ചോ?

വാക്കിലോ പ്രവൃത്തിയിലോ സത്യസന്ധത പുലർത്താതിരുന്നോ? അതിശയോക്തി പറഞ്ഞോ?

ചിട്ടയില്ലാത്ത, അലസമായ പെരുമാറ്റത്തിന് താങ്കൾ അടിപ്പെട്ടോ?

വസ്ത്രധാരണം, സൗഹൃദം, ജോലി, സമ്പത്ത് എന്നിവയുടെ അടിമയാണോ താങ്കൾ?

ആരോടെങ്കിലും ക്ഷമിക്കുന്നതിൽ താങ്കൾ പരാജയപ്പെട്ടിട്ടുണ്ടോ?

എന്തൊക്കെ വിചാരങ്ങളും ഉത്ക്കണ്ഠകളുമാണു താങ്കൾ അഭിമുഖീകരിക്കുന്നത്? പരാതിയും മുറുമുറുപ്പും താങ്കൾക്കുണ്ടോ?

നന്ദിയുള്ള ഒരു ഹൃദയം സൂക്ഷിക്കാൻ താങ്കൾക്കു കഴിയുന്നുണ്ടോ?

നിങ്ങളുടെ ഉറ്റബന്ധങ്ങളിലുള്ളവരെ മാനിക്കുന്നതിനും മനസ്സിലാക്കുന്നതിനും അവരോട് ഔദാര്യം കാട്ടുന്നതിനും താങ്കൾക്കു കഴിയുന്നുണ്ടോ?

ചിന്തയിലും വാക്കിലും പ്രവൃത്തിയിലും നിങ്ങൾ നേരിടുന്ന പ്രലോഭനങ്ങൾ എന്തൊക്കെയാണ്?അവയോട് എങ്ങനെയാണു നിങ്ങൾ പ്രതികരിച്ചത്?

മറ്റുള്ളവരെ, വിശേഷിച്ചും വിശ്വാസികളെ സേവിക്കാൻ / അവർക്ക് അനുഗ്രഹമാകാൻ നിങ്ങൾ എങ്ങനെയാണ് അവസരങ്ങളെടുത്തത്?

പ്രാർത്ഥനയ്ക്കുള്ള പ്രത്യേകമായ മറുപടികൾ ലഭിക്കുന്നതു നിങ്ങൾ കണ്ടിട്ടുണ്ടോ?

ഈയാഴ്ചത്തെ വായന താങ്കൾ പൂർത്തിയാക്കിയോ?

## സെഷൻ 02

ദൈവരാജ്യത്തിലെ ഉല്പാദകരും ഉപഭോക്താക്കളും തമ്മിലുള്ള വ്യത്യാസമാണ് ഇവിടെ നിങ്ങൾ ഗ്രഹിക്കുക. ശിഷ്യരെ പെരുകുന്നതിനുള്ള രണ്ടു കാര്യങ്ങൾ (tools) കൂടി നിങ്ങൾ ഈ ഭാഗത്തു പഠിക്കുകയും പരിശീലിക്കുകയും ചെയ്യും.

### പ്രാർത്ഥനാ ചക്രം

പ്രാർത്ഥന പരിശീലിക്കുന്നതിനുള്ള ലളിതമായ ഒരുപാധി(tool)യാണ് പ്രാർത്ഥനാ ചക്രം. നിങ്ങൾക്കു തന്നെ ഇത് ഉപയോഗിക്കാം, ഏതു ക്രിസ്താനുഗാമിയുമായും ഇതു പങ്കുവയ്ക്കാം.ലളിതമായ 12 പടികളിൽ, ഓരോന്നിനും 5 മിനിറ്റ് വീതം, ഈ പ്രാർത്ഥനാ ചക്രം നിങ്ങൾക്കു മാർഗ്ഗനിർദ്ദേശം നൽകുന്നു. ദൈവവചനം നമ്മെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്ന 12 വഴികളിലൂടെയാണ് ആ മാർഗ്ഗനിർദ്ദേശം. അവസാനിക്കുമ്പോൾ, നിങ്ങൾ ഒരു മണിക്കൂർ പ്രാർത്ഥിച്ചിരിക്കും.




**സ്തുതിക്കുക:** നിങ്ങളുടെ പ്രാർത്ഥന, കർത്താവിനെ സ്തുതിച്ചുകൊണ്ടാരംഭിക്കുക. നിങ്ങളുടെ മനസ്സിൽ ഇപ്പോഴുള്ള കാര്യങ്ങൾക്കായി കർത്താവിനെ സ്തുതിക്കുക.കഴിഞ്ഞയാഴ്ച നിങ്ങളുടെ ജീവിതത്തിൽ കർത്താവു ചെയ്ത പ്രത്യേക കാര്യത്തിനായി കർത്താവിനെ സ്തുതിക്കുക. നിങ്ങളുടെ കുടുംബത്തിനു കർത്താവു ചെയ്ത നന്മയ്ക്കായി കർത്താവിനെ സ്തുതിക്കുക.

**കാത്തിരിക്കുക:** കർത്താവിനായി കുറെ നേരം കാത്തിരിക്കുക. മിണ്ടാതിരിക്കുക, കർത്താവു നിങ്ങൾക്കായി കാര്യങ്ങൾ പ്രതിഫലിപ്പിക്കട്ടെ.

**ഏറ്റുപറയുക:** പരിശുദ്ധാത്മാവിനു ഹിതകരമല്ലാത്തതെന്തെങ്കിലും നിങ്ങളുടെ ജീവിതത്തിലുണ്ടെങ്കിൽ, അതു കാട്ടിത്തരാൻ പരിശുദ്ധാത്മാവിനോടപേക്ഷിക്കുക. തെറ്റായ മനോഭാവങ്ങൾ, ഇതുവരെ ഏറ്റുപറയാത്ത പ്രത്യേകമായ കാര്യങ്ങൾ ചൂണ്ടിക്കാട്ടാനും പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുക. കർത്താവിനോട് അവ ഏറ്റുപറഞ്ഞ് ശുദ്ധീകരണം പ്രാപിക്കുക.

**വചനം വായിക്കുക:** സങ്കീർത്തനങ്ങൾ, പ്രവചനങ്ങൾ, പുതിയനിയമത്തിലുള്ള പ്രാർത്ഥനാഭാഗങ്ങൾ എന്നിവ വായിക്കുക.

**അപേക്ഷിക്കുക:** നിങ്ങളുടെ ആവശ്യങ്ങൾ പറയുക.

**മദ്ധ്യസ്ഥത:** മറ്റുള്ളവരുടെ ആവശ്യങ്ങൾ പറയുക.

**വചനം പ്രാർത്ഥിക്കുക:** പ്രത്യേകമായ വചനഭാഗങ്ങൾ പ്രാർത്ഥിക്കുക. തിരുവെഴുത്തുപരമായ പ്രാർത്ഥനകളും മറ്റു പല സങ്കീർത്തനങ്ങളും ഇതിനായി ഉപയോഗിക്കാം.

**നന്ദിയർപ്പിക്കുക:** നിങ്ങളുടെ ജീവിതത്തിലെ കാര്യങ്ങൾക്കായി, നിങ്ങളുടെ കുടുംബത്തിനായി, നിങ്ങളുടെ സഭയ്ക്കായി കർത്താവിനു നന്ദിയർപ്പിക്കുക.

**പാട്ടു പാടുക:** സ്തുതിഗീതങ്ങൾ / ആരാധനാ ഗാനങ്ങൾ പാട്ടുക.

**ധ്യാനിക്കുക:** നിങ്ങളോടു കർത്താവു സംസാരിക്കാൻ അപേക്ഷിക്കുക. കർത്താവു നൽകുന്ന ആലോചനകൾ കുറിച്ചു വയ്ക്കുക.

**ശ്രദ്ധിക്കുക:** വായിച്ച കാര്യങ്ങൾ, പ്രാർത്ഥിച്ചതും പാടിയതുമായ വസ്തുതകൾ ഒരുമിച്ചു ചേർക്കുക. അവയിലൂടെ കർത്താവു നിങ്ങളോടു സംസാരിക്കുന്നതെങ്ങനെയെന്നു കാണുക.

**സ്തുതിക്കുക:** കർത്താവുമൊത്തു ചെലവഴിച്ച സമയത്തിനായി, കർത്താവു തന്ന ആലോചനകൾക്കായി കർത്താവിനെ സ്തുതിക്കുക. കർത്താവിന്റെ മഹത്വപൂർണ്ണമായ ഗുണവിശേഷങ്ങൾക്കായി കർത്താവിനെ സ്തുതിക്കുക.

**പ്രവൃത്തി [60 മിനിറ്റ്]:** പ്രാർത്ഥനാചക്രത്തിലെ അഭ്യാസമനുസരിച്ച് വ്യക്തിപരമായി അടുത്ത 60 മിനിറ്റ് പ്രാർത്ഥിക്കുക.ഗ്രൂപ്പിന് മടങ്ങിവന്ന് വീണ്ടും കൂട്ടാനുള്ള സമയം നിശ്ചയിക്കണം.ഗ്രൂപ്പ് അംഗങ്ങൾക്കെല്ലാം തനിച്ചിരുന്നു പ്രാർത്ഥിക്കാനും ഗ്രൂപ്പിലേക്കു മടങ്ങി വരാനുമുള്ള ശാന്തമായ ഒരിടം അനുവദിക്കാൻ മറക്കരുത്.

## 100 പേരുടെ ലിസ്റ്റ്

നിങ്ങൾക്ക് ചില ഉത്തരവാദിത്വമുള്ള നിങ്ങളുടെ ബന്ധങ്ങളെക്കുറിച്ച് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ ബന്ധങ്ങളെക്കുറിച്ച് കൂടുതൽ ഉത്തരവാദിത്വമുള്ളവരാകാൻ, ഈ 100 പേരുടെ ലിസ്റ്റ് നിങ്ങളെ സഹായിക്കും.

"പോയി ശിഷ്യരാക്കുവിൻ" എന്നതിനാവശ്യമായ ബന്ധങ്ങൾ ദൈവം നമുക്കു നേരത്തേ തന്നുകഴിഞ്ഞു. നമ്മുടെ കുടുംബം, സ്നേഹിതർ, അയൽക്കാർ, സഹപ്രവർത്തകർ,

സഹപാഠികൾ ഇവരൊക്കെയാണവർ. നിത്യജീവിതത്തിൽ നാമറിയുന്ന, കണ്ടു പരിചയമുള്ളവരും അവരിലുണ്ട്. ദൈവം നമ്മുടെ ജീവിതത്തിൽ തന്നു കഴിഞ്ഞവരോട് നല്ല കാര്യവിചാരകരായിരിക്കുന്നത് ശിഷ്യരെ പെരുക്കുന്നതിലെ ആദ്യത്തെ വലിയ പടിയാണ്.ഒരു ലിസ്റ്റുണ്ടാക്കി അതങ്ങു തുടങ്ങാവുന്നതേയുള്ളൂ.

പ്രവൃത്തി [30 മിനിറ്റ്]: താഴെയുള്ള ഫോം ഉപയോഗിച്ച് ഗ്രൂപ്പിലെ എല്ലാവരും അടുത്ത 30 മിനിറ്റ് കൊണ്ട് ബന്ധങ്ങളുടെ ലിസ്റ്റ് ഉണ്ടാക്കട്ടെ. ഓരോ വരിയിലായി, ആ വ്യക്തിയുടെ പേര്, ആത്മീയ നിലവാരം, "ശിഷ്യൻ / ശിഷ്യ" [യേശുവിനെ അനുഗമിക്കുന്നയാളാണെന്നു നിങ്ങൾക്കറിയാമെങ്കിൽ], "അവിശ്വാസി" [യേശുവിനെ അനുമിക്കുന്നയാളല്ലെന്നു നിങ്ങൾ കരുതുന്നെങ്കിൽ], അല്ലെങ്കിൽ "അറിയില്ല" എന്നെഴുതുക.

നിശ്ചിതസമയത്തിനുള്ളിൽ ലിസ്റ്റ് പൂർത്തീകരിക്കാത്തവരുണ്ടെങ്കിൽ, പിന്നീട് അവർക്കതു ചെയ്യാം.

ഓർക്കുക. നിങ്ങളുടെ ലിസ്റ്റിലുള്ള 100 പേർ നിങ്ങൾക്കറിയാവുന്നവരും ബന്ധം പുലർത്താനാവുന്നവരുമായിരിക്കണം.

# 100 പേരുടെ ലിസ്റ്റ്

1. ജോൺ തോമസ് ☐ ശിഷ്യൻ ☐ അവിശ്വാസി ■ അറിയില്ല

1. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
2. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
3. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
4. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
5. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
6. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
7. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
8. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
9. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
10. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
11. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
12. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
13. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
14. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
15. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
16. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
17. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
18. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
19. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
20. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
21. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
22. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
23. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
24. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
25. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
26. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
27. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
28. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
29. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
30. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
31. ________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല

32. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
33. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
34. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
35. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
36. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
37. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
38. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
39. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
40. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
41. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
42. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
43. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
44. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
45. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
46. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
47. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
48. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
49. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
50. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
51. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
52. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
53. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
54. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
55. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
56. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
57. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
58. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
59. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
60. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
61. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
62. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
63. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
64. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
65. ______________________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല

66. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
67. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
68. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
69. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
70. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
71. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
72. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
73. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
74. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
75. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
76. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
77. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
78. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
79. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
80. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
81. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
82. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
83. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
84. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
85. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
86. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
87. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
88. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
89. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
90. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
91. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
92. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
93. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
94. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
95. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
96. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
97. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
98. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
99. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല
100. ____________ ☐ ശിഷ്യൻ ☐ അവിശ്വാസി ☐ അറിയില്ല

# സെഷൻ 03

ദൈവത്തിന്റെ സമ്പദ് വ്യവസ്ഥ പ്രവർത്തിക്കുന്നതെങ്ങനെയെന്നും, നേരത്തേ ലഭിച്ച കാര്യങ്ങളിൽ വിശ്വസ്തത പുലർത്തിയവരെ ദൈവം കൂടുതൽ കാര്യങ്ങൾ ഏല്പിക്കുന്നതെങ്ങനെയെന്നും നാം ഈ ഭാഗത്തു പഠിക്കും. ശിഷ്യരാക്കുന്നതിനുള്ള രണ്ടു കാര്യങ്ങൾ കൂടെ (tools) നാം പഠിക്കുന്നതാണ്. സൃഷ്ടി മുതൽ ന്യായവിധിവരെയുള്ള കാര്യവും സ്നാനവുമാണത്.

## ദൈവത്തിന്റെ കഥ (സുവിശേഷം)

യേശു പറഞ്ഞു: "പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ, നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരൂശലേമിലും യഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും."

യേശു, അവിടുത്തെ അനുഗാമികളിൽ അത്യധികമായി വിശ്വസിച്ചിരുന്നു. അവർ സുവിശേഷം പറയുമെന്ന വിശ്വാസമായിരുന്നു യേശുവിനുണ്ടായിരുന്നത്.അതിനായി യേശു അവരെ ലോകമെമ്പാടുമയച്ചു. ഇന്ന് അവിടുന്ന് നമ്മെ അയയ്ക്കുന്നു.

സുവിശേഷം പറയാൻ ഒരു "മികച്ച മാർഗ്ഗ" മൊന്നുമില്ല. കാരണം, ആരോടാണു നിങ്ങൾ അതു പറയുന്നതെന്നതിന് അടിസ്ഥാനപ്പെട്ടായിരിക്കും അത്. തിരുവെഴുത്തിനു നിരക്കുന്ന രീതിയിൽ സുവിശേഷം പറയുന്നതിനും, അതു കേൾവിക്കാരുമായി യോജിപ്പിക്കുന്നതിനും ഓരോ ശിഷ്യനും (ശിഷ്യയും) അറിഞ്ഞിരിക്കണം.

## ദൈവത്തിന്റെ കഥ. സൃഷ്ടി മുതൽ ന്യായവിധി വരെ

സൃഷ്ടി മുതൽ ന്യായവിധി വരെയുള്ള (മനുഷ്യന്റെ തുടക്കം മുതൽ കാലാവസാനം വരെ) കാര്യങ്ങൾ പറയുന്നതാണ് ഒരു രീതി.

ഈ നിലയിൽ സുവിശേഷം പറയുമ്പോൾ, അതു നീട്ടിയോ ചുരുക്കിയോ നിങ്ങൾക്കു പറയാം. വിശദീകരിച്ചു പറഞ്ഞാലും ചുരുക്കിപ്പറഞ്ഞാലും, കേൾക്കുന്നവരുടെ സംസ്ക്കാരവുമായി അത് ഒത്തുപോകുന്നതായിരിക്കണം.

വ്യത്യസ്തമായ സംസ്ക്കാരങ്ങളിലും വീക്ഷണങ്ങളിലുമുള്ളവരോടു സുവിശേഷം പറയാൻ സഹായകമായ ആംഗ്യങ്ങൾ നിങ്ങൾക്കുപയോഗിക്കാം. പഠിക്കാനും പഠിപ്പിക്കാനും അത് എളുപ്പമായിരിക്കും.

ഇതാ, ദൈവത്തിന്റെ കഥയായ സുവിശേഷം.

"ആരംഭത്തിൽ ദൈവം ലോകത്തെയും അതിലുള്ള സകലത്തെയും ഉളവാക്കി.ആദ്യത്തെ പുരുഷനെയും ആദ്യത്തെ സ്ത്രീയെയും ദൈവം സൃഷ്ടിച്ചു.അവരെ ദൈവം, മനോഹരമായ ഒരു തോട്ടത്തിലാക്കി. ദൈവം,അവരെ ദൈവകുടുംബത്തിന്റെ ഒരു ഭാഗമാക്കിത്തീർത്തു, അവരുമായി ഉറ്റബന്ധം പുലർത്തി. എന്നേക്കും

ജീവിക്കുന്നതിനാണ് ദൈവം അവരെ സൃഷ്ടിച്ചത്. മരണമെന്നൊരു കാര്യം അവിടില്ലായിരുന്നു."

"ഇത്രയും നല്ല സ്ഥലത്തായിട്ടുപോലും, മനുഷ്യൻ ദൈവത്തിനെതിരെ മത്സരിച്ചു. അങ്ങനെ പാപവും കഷ്ടതയും ലോകത്തിലുണ്ടായി. ദൈവം മനുഷ്യനെ ആ തോട്ടത്തിൽനിന്നു പുറത്താക്കി. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം തകർന്നു. മനുഷ്യനിപ്പോൾ മരണത്തെ നേരിടേണ്ടുന്നവനായി മാറി."

"നൂറ്റാണ്ടുകളോളം ദൈവം സന്ദേശവാഹകരെ ലോകത്തിലേക്ക് അയച്ചുകൊണ്ടിരുന്നു. മനുഷ്യരെ, അവരുടെ പാപത്തെക്കുറിച്ച് അവർ ഓർമ്മപ്പെടുത്തി. ദൈവത്തിന്റെ വിശ്വസ്തതയെക്കുറിച്ചും ലോകത്തിലേക്കു രക്ഷകനെ അയയ്ക്കുമെന്ന വാഗ്ദത്തത്തെക്കുറിച്ചും അവർ പറഞ്ഞു. ദൈവവും മനുഷ്യനും തമ്മിലുള്ള ഉറ്റബന്ധം ആരക്ഷകൻ പുന:സ്ഥാപിക്കും, മനുഷ്യനെ മരണത്തിൽനിന്നു വിടുവിക്കും, മനുഷ്യനു നിത്യജീവൻ നൽകും, മനുഷ്യനോടൊപ്പം എന്നേക്കുമിരിക്കും."

"ദൈവം നമ്മെ അത്രയേറെ സ്നേഹിച്ചതിനാൽ, ശരിയായ സമയമായപ്പോൾ, ആ രക്ഷകനായി ദൈവം സ്വപുത്രനെ ലോകത്തിലേക്കയച്ചു."

"യേശു ദൈവപുത്രനാണ്.ഒരു കന്യകയിലാണ് അവിടുന്ന് ലോകത്തിൽ പിറന്നത്. തികഞ്ഞ ഒരു ജീവിതമാണ് അവിടുന്ന് നയിച്ചത്. ഒരിക്കലും പാപം ചെയ്തില്ല. ദൈവത്തെക്കുറിച്ച് യേശു ജനത്തെ പഠിപ്പിച്ചു. അവിടുത്തെ മഹാശക്തി കാട്ടുന്ന ധാരാളം അത്ഭുതങ്ങൾ അവിടുന്ന് ചെയ്തു. ഭൂതങ്ങളെ പുറത്താക്കി, രോഗികളെ സൗഖ്യമാക്കി, അന്ധനു കാഴ്ച നൽകി, ബധിരനു കേഴ്വി നൽകി, മുടന്തനെ നടത്തി, മരിച്ചവരെ ഉയിർപ്പിച്ചു."

"മതനേതാക്കൾ നടുങ്ങി, അവർക്ക് യേശുവിനോട് അസൂയയുണ്ടായി. യേശുവിനെ കൊല്ലണമെന്ന് അവർ ആഗ്രഹിച്ചു. ഒരിക്കലും പാപം ചെയ്തിട്ടില്ലാത്ത യേശുവിന മരിക്കേണ്ടതില്ലായിരുന്നു.എന്നാൽ, നമുക്കെല്ലാവർക്കും വേണ്ടി ഒരു യാഗമെന്ന നിലയിൽ യേശു മരണം തിരഞ്ഞെടുത്തു. യേശുവിന്റെ വേദന നിറഞ്ഞ മരണം, മനുഷ്യവർഗ്ഗത്തിന്റെ പാപം മറയ്ക്കുന്നതായിരുന്നു. അതിനെത്തുടർന്ന് യേശുവിനെ കല്ലറയിൽ അടക്കം ചെയ്തു."

"യേശുവിന്റെ യാഗം ദൈവം അംഗീകരിച്ചു. മൂന്നാം നാൾ യേശുവിനെ ഉയിർപ്പിച്ചു കൊണ്ടാണ് ആ അംഗീകാരം പ്രകടമാക്കിയത്."

യേശുവിനെ ദൈവം, മരണത്തിൽനിന്ന് ഉയിർപ്പിച്ചുവെന്നു നാം വിശ്വസിക്കുകയും യേശുവിനെ നമ്മുടെ കർത്താവായി (ഭരണാധികാരിയായി, രാജാവായി) നാം അംഗീകരിക്കുകയും ചെയ്താൽ, നാം രക്ഷിക്കപ്പെടും. വിശ്വാസികളെന്ന നിലയിൽ നമ്മുടെ പാപം നിറഞ്ഞ ജീവിതത്തോടു വിട പറഞ്ഞ്, യേശുവിന്റെ സ്നാനമേറ്റ് (വെള്ളത്തിൽ അടക്കപ്പെട്ട്), നമ്മുടെ പഴയ ജീവിതം മരിച്ച്, യേശു മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റതുപോലെ, യേശുവിനെ അനുഗമിച്ചുകൊണ്ടുള്ള ഒരു പുതിയ ജീവിതമാണത്. ദൈവം നമ്മുടെ പാപങ്ങളെല്ലാം ക്ഷമിച്ച് നമ്മിൽ അധിവസിക്കേണ്ടതിനു പരിശുദ്ധാത്മാവിനെ അയയ്ക്കുന്നു. ദൈവത്തെ അനുഗമിക്കാൻ നമ്മെ ശക്തരാക്കുന്നതിനും ദൈവകുടുംബത്തിലേക്കു നമ്മെ മടക്കിവരുത്തേണ്ടതിനുമാണത്.

ഉയിർത്തെഴുന്നേറ്റുകഴിഞ്ഞ് യേശു 40 ദിവസം ഭൂമിയിൽ കഴിഞ്ഞു. ലോകമെമ്പാടും പോയി, എല്ലാവരോടും സുവിശേഷം പറയാൻ യേശു ശിഷ്യന്മാരെ ഉപദേശിച്ചു.

യേശു പറഞ്ഞു: "പോയി സകലജനതകളെയും ശിഷ്യരാക്കുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനം കഴിപ്പിക്കുവിൻ. എന്റെ കല്പനകളൊക്കെ അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ട്." അതിനുശേഷം, അവർ നോക്കിനിൽക്കുമ്പോൾത്തന്നെ യേശു സ്വർഗ്ഗാരോഹണം ചെയ്തു.

ഒരു ദിവസം, യേശു പോയതുപോലെതന്നെ മടങ്ങിവരും. യേശുവിനെ സ്നേഹിക്കാത്തവരെയും അനുസരിക്കാത്തവരെയും അവിടുന്ന് ശിക്ഷിക്കും. സ്നേഹിച്ചവരെയും അനുസരിച്ചവരെയും അവിടുന്ന് സ്വീകരിക്കുകയും അവർക്കു പ്രതിഫലം കൊടുക്കുകയും ചെയ്യും. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും അവർ യേശുവിനോടൊപ്പം വസിക്കും.

"എന്റെ പാപത്തിനുവേണ്ടി യേശു അർപ്പിച്ചയാഗത്തിൽ ഞാൻ വിശ്വസിച്ചു, അതു ഞാൻ സ്വീകരിച്ചു. അവിടുന്ന് എന്നെ ശുദ്ധീകരിച്ച് എന്നെ ദൈവകുടുംബത്തിന്റെ ഭാഗമാക്കിത്തീർത്തു. അവിടുന്ന് എന്നെയും ഞാൻ അവിടുത്തെയും സ്നേഹിക്കുന്നു. ഞാൻ അവിടുത്തെ രാജ്യത്തിൽ എന്നേക്കും ജീവിക്കും."

ദൈവം നിങ്ങളെ സ്നേഹിക്കുകയും ഈ ദാനം നിങ്ങൾ സ്വീകരിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. ഇപ്പോൾത്തന്നെ താങ്കളതു ചെയ്യുമോ?

**പ്രവൃത്തി** [45 മിനിറ്റ്]: രണ്ടുമൂന്നു പേർ വീതമുള്ള കൂട്ടങ്ങളായിപ്പിരിഞ്ഞ് അടുത്ത 45 മിനിറ്റുനേരം, സുവിശേഷം പറയാൻ പരിശീലിക്കുക. നിങ്ങളുടെ 100 പേരുടെ ലിസ്റ്റിലെ 'അവിശ്വാസി' / 'അറിയില്ല' എന്ന് അടയാളപ്പെടുത്തിയിട്ടുള്ളവരിൽ 5 പേരെ തിരഞ്ഞെടുക്കുക. അവരിലൊരാളായി ആരെയെങ്കിലുമെടുത്ത് ആ വ്യക്തിക്കു ഫലിക്കുമെന്നു നിങ്ങൾക്കു തോന്നുന്ന രീതിയിൽ സുവിശേഷം അവതരിപ്പിക്കുക.

സൃഷ്ടി മുതൽ ന്യായവിധി വരെയുള്ള കാര്യങ്ങൾ, നിങ്ങൾ സുവിശേഷം പറയാനുദ്ദേശിക്കുന്നയാളിൽ ഫലിക്കുമെന്നുണ്ടെങ്കിൽ, നിങ്ങൾക്കു പങ്കിടാം. അല്ലെങ്കിൽ, ഫലപ്രദമായ മറ്റു രീതികൾ അവലംബിക്കാം. പരിശീലിച്ചുകഴിഞ്ഞാൽ, മാറിയിന്ന് മറ്റൊരാൾ പറയുന്ന സുവിശേഷം കേൾക്കുന്ന അഞ്ചിലൊരാളാകുക.. അത് നിങ്ങൾ അവസാനിപ്പിക്കുമ്പോഴേക്കും, സുവിശേഷം പറയാൻ നിങ്ങൾ സജ്ജരായിരിക്കും.

## സ്നാനം

**യേശു പറഞ്ഞു:** "പോയി സകലജനതകളെയും ശിഷ്യരാക്കുവിൻ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനം കഴിപ്പിക്കുവിൻ..."

സ്നാനം എന്നതിന് മൂലഭാഷയായ ഗ്രീക്കിൽ, വെള്ളത്തിൽ മുക്കുക (മുങ്ങുക) എന്നാണർത്ഥം. ഒരു തുണി ചായത്തിൽ മുക്കി നിറം മാറുന്നതുപോലെ. സ്നാനം

ഒരു പുതു ജീവിതത്തിന്റെ ചിത്രമാണ്. യേശുവിന്റെ സ്വരൂപത്തിൽ മുങ്ങി, ദൈവത്തോടുള്ള അനുസരണത്തിനായി രൂപാന്തരപ്പെട്ടു. പാപത്തിനു നാം മരിച്ചതിന്റെ, യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചതിന്റെ, യേശു അടക്കപ്പെട്ടതുപോലെ, നമ്മുടെ പഴയ ജീവിതരീതിയുടെ അടക്കത്തിന്റെ ചിത്രമാണത്. യേശു ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നതുപോലെ, ക്രിസ്തുവിലുള്ള പുതുജീവിതത്തിന്റെ പുതുജനനമാണു സ്നാനം.

നിങ്ങൾ ഇതുവരെ ആരെയും സ്നാനപ്പെടുത്തിയില്ലെങ്കിൽ, നിങ്ങൾക്കത് ലജ്ജയായിത്തോന്നാം. എന്നാലങ്ങനെയാകരുത്. ഇതാ ചില എളുപ്പവഴികൾ:

1. ഒരാൾക്കു (പുതിയ ശിഷ്യന് / ശിഷ്യക്ക്) മുങ്ങാൻ പാകത്തിൽ, നിശ്ചലമായ വെള്ളം കണ്ടെത്തുക.കുളം, നദി, തടാകം, സമുദ്രം എന്തുമാകാം.ഒരു ബാത്ത് റ്റബ് ആയാലും മതി.
2. ശിഷ്യൻ നിങ്ങളുടെ ഒരു കൈയിൽ പിടിക്കട്ടെ. മറുകൈകൊണ്ട് നിങ്ങൾ ആ വ്യക്തിയെ പിന്നിൽ താങ്ങിപ്പിടിക്കണം.
3. ഈ രണ്ടു ചോദ്യങ്ങൾ ചോദിക്കുക. അങ്ങനെ അവരുടെ തീരുമാനം ഉറപ്പിക്കാം.

   "യേശുക്രിസ്തുവിനെ താങ്കളുടെ രക്ഷിതാവും കർത്താവുമായും സ്വീകരിച്ചിട്ടുണ്ടോ?"

   "ഇനിയുള്ള ജീവിതകാലം മുഴുവൻ താങ്കൾ യേശുവിനെ താങ്കളുടെ രാജാവായിക്കണ്ട് അനുസരിക്കുകയും സേവിക്കുകയും ചെയ്യുമോ?"

4. മറുപടി "അതേ / ഉവ്വ്" എന്നാണെങ്കിൽ, ഇങ്ങനെ പറയുക:

   "യേശുകർത്താവിലുള്ള വിശ്വാസം താങ്കൾ പ്രഖ്യാപിച്ചതിനാൽ, ഞാൻ താങ്കളെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഇപ്പോൾ സ്നാനം കഴിപ്പിക്കുന്നു."

5. വെള്ളത്തിലേക്കു താഴാൻ ആളിനെ സഹായിക്കുക, പൂർണ്ണമായി വെള്ളത്തിൽ മുക്കുക, താങ്ങിയെഴുന്നേല്പിക്കുക.

അഭിനന്ദനങ്ങൾ! യേശുവിന്റെ ഒരു പുതിയ അനുയായിയെ (ഒരു പുതിയ സ്വർഗ്ഗീയപൗരനെ), ജീവിക്കുന്ന ദൈവത്തിന്റെ ഒരു പുതിയ മകനെ / മകളെ നിങ്ങൾ സ്നാനപ്പെടുത്തി. സന്തോഷിച്ചുല്ലസിക്കുക!

ഓർക്കുക. സെഷൻ 04 ൽ നിങ്ങളുടെ ഗ്രൂപ്പ് കർത്തൃമേശ ആചരിക്കുന്നതാണ്. അപ്പവും വീഞ്ഞും കൊണ്ടുവരാൻ മറക്കരുത്.

## സെഷൻ 04

ഈ സെഷനിൽ, ഓരോ അനുഗാമിയും പെരുകുന്നതിനെക്കുറിച്ചുള്ള ദൈവികപ്ലാൻ എങ്ങനെയാണെന്നു നാം ഗ്രഹിക്കും! ഏറ്റവും വിശ്വസ്തരായ ചില അനുഗാമികൾ അത്ര നല്ല സ്ഥലങ്ങളിൽനിന്നുള്ളവരല്ലെന്നു നമുക്കു മനസ്സിലാകും. മറ്റുള്ളവരെ ദൈവകുടുംബത്തിലേക്കു ക്ഷണിക്കാനുള്ള മറ്റൊരു മികച്ച മാർഗ്ഗം, നമ്മുടെ സാക്ഷ്യം പറയുന്നതാണെന്ന ലളിതമായ കാര്യവും നാം പഠിക്കുന്നതാണ്.

## 3 മിനിറ്റ് സാക്ഷ്യം

യേശു ശിഷ്യന്മാരോടു പറഞ്ഞു: "നിങ്ങൾ ഇതിനു സാക്ഷികളാണ്."

യേശുവിന്റെ അനുഗാമികളെന്ന നിലയിൽ, നാമും സാക്ഷികളാണ്. യേശു, നമ്മുടെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനതയെപ്പറ്റിയാണ് ആ "സാക്ഷ്യം."ദൈവവുമായുള്ള നിങ്ങളുടെ ബന്ധത്തെക്കുറിക്കുന്ന നിങ്ങളുടെ വിവരണമാണു നിങ്ങളുടെ സാക്ഷ്യം. എല്ലാവർക്കും ആ സാക്ഷ്യമുണ്ട്. നിങ്ങളുടെ സാക്ഷ്യം പങ്കിടുന്നത് നിങ്ങൾക്കു പരിശീലിക്കാനുള്ള അവസരമാണ്.

നിങ്ങളുടെ സാക്ഷ്യം ഭംഗിയാക്കാൻ ധാരാളം മാർഗ്ഗങ്ങളുണ്ട്. ഫലപ്രദമായ ചിലത് ഇവിടെക്കൊടുക്കുന്നു:

- ലളിതമായ പ്രസ്താവന. യേശുവിനെ അനുഗമിക്കാൻ താങ്കൾ തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് ഒരു ലളിതമായ പ്രസ്താവന നിങ്ങൾക്കു പങ്കിടാം.ഒരു പുതിയ വിശ്വാസിക്ക് ഇതു വളരെ ഫലം ചെയ്യും.
- മുമ്പും പിമ്പും. മുമ്പും (യേശുവിനെ അറിയുന്നതിനു മുമ്പുള്ള നിങ്ങളുടെ ജീവിതം) പിമ്പും(യേശുവിനെ അറിഞ്ഞു കഴിഞ്ഞുള്ള നിങ്ങളുടെ ഇപ്പോഴത്തെ ജീവിതം) എന്ന നിങ്ങളുടെ അനുഭവം നിങ്ങൾക്കു പങ്കിടാം. അതു ലളിതവും ശക്തവുമായിരിക്കും.
- കൂടെ, കൂടാതെ. കൂടെ, കൂടാതെയെന്നു പറഞ്ഞാൽ, "യേശുവിന്റെ കൂടെ "യുള്ള നിങ്ങളുടെ ജീവിതവും "യേശുവിനെക്കൂടാതെ "യുള്ള ജീവിതവും എങ്ങനെയുള്ളതാണെന്ന വിവരണമാണ്. ചെറുപ്രായത്തിൽത്തന്നെ വിശ്വാസത്തിൽ വന്നതാണു താങ്കളെങ്കിൽ, നിങ്ങളുടെ ഈ സാക്ഷ്യം വളരെ ഫലിക്കും.

നിങ്ങളുടെ സാക്ഷ്യം പങ്കിടുമ്പോൾ, അതൊരു മൂന്നു ഭാഗമുള്ള പ്രക്രിയയുടെ ഒരു ഭാഗമാണെന്നു ചിന്തിക്കുന്നതു സഹായകമാണ്:

- അവരുടെ കഥ. നിങ്ങൾ സംസാരിക്കുന്ന വ്യക്തിയോട്, അദ്ദേഹത്തിന്റെ ആത്മീയയാത്രയെപ്പറ്റിയുള്ള വിവരണം നൽകാനാവശ്യപ്പെടുക.
- നിങ്ങളുടെ കഥ. ഇനി അദ്ദേഹത്തിന്റെ അനുഭവത്തോടു യോജിക്കുന്ന നിലയിൽ നിങ്ങളുടെ സാക്ഷ്യം പങ്കിടുക.

- ദൈവത്തിന്റെ കഥ. ഒടുവിൽ, അവരുടെ നിലവാരത്തിനും മൂല്യങ്ങൾക്കും താത്പര്യങ്ങൾക്കും നിരക്കുന്ന രീതിയിൽ ദൈവത്തിന്റെ കഥ (സുവിശേഷം) പങ്കിടുക.

നിങ്ങളുടെ സാക്ഷ്യം ദീർഘമാക്കേണ്ടതില്ല, ഒത്തിരി വിശദീകരിക്കേണ്ടതുമില്ല. 3 മിനിറ്റിനുള്ളിൽ നിങ്ങളുടെ സാക്ഷ്യം പറഞ്ഞിട്ട് ബാക്കിയുള്ള സമയം ചോദ്യങ്ങൾക്കും ആഴമായ സംഭാഷണങ്ങൾക്കും വിനിയോഗിക്കാം.

എങ്ങനെ തുടങ്ങണമെന്നു നിങ്ങൾക്കറിയില്ലെങ്കിൽ, അതു ലളിതമാക്കുക. ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നതിന് അതു ദൈവം ഉപയോഗിച്ചുകൊള്ളും.എന്നാൽ ഓർക്കണം, അതു പറയാൻ നിങ്ങളേ ഉള്ളൂ.

**പ്രവൃത്തി** [45 മിനിറ്റ്]. രണ്ടു മൂന്നു പേർ വീതമുള്ള ഗ്രൂപ്പുകളായിത്തിരിയുക. അടുത്ത 45 മിനിറ്റ് നിങ്ങളുടെ സാക്ഷ്യം പറയാൻ പരിശീലിക്കുക. നിങ്ങളുടെ 100 പേരുടെ ("അവിശ്വാസി" / "അറിയില്ല" എന്നടയാളപ്പെടുത്തിയ) ലിസ്റ്റിലുള്ള 5 പേരെ തിരഞ്ഞെടുക്കുക.ഗ്രൂപ്പിലുള്ള ചിലരെ അവരായി സങ്കല്പിച്ചുകൊണ്ട് അവർക്കു ഫലിക്കുമെന്നു നിങ്ങൾക്കു തോന്നുന്ന രീതിയിൽ സാക്ഷ്യം പറയുക.

മുകളിലുള്ള ഏതെങ്കിലും മാതൃകയോ, അല്ലെങ്കിൽ മറ്റേതെങ്കിലും ഫലകരമായ രീതിയോ ഉപയോഗിച്ചുകൊണ്ട് നിങ്ങൾക്കതു പങ്കിടാവുന്നതാണ്. പരിശീലിച്ചു കഴിഞ്ഞ്, നിങ്ങൾ സ്ഥാനം മാറുക. മറ്റൊരാളിന്റെ ലിസ്റ്റിലെ 5 പേരിലൊരാളായി നടിക്കുക. അവസാനിക്കുമ്പോഴേക്ക് 3 മിനിറ്റോ, അതിൽ കുറഞ്ഞ സമയത്തിനുള്ളിലോ നിങ്ങളുടെ സാക്ഷ്യം പറയാൻ നിങ്ങൾക്കു കഴിയും.

## കർത്തൃമേശ (The Lord's Supper)

യേശു പറഞ്ഞു: "ഞാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന ജീവനുള്ള അപ്പമാകുന്നു. ഈ അപ്പം തിന്നുന്നവനെല്ലാം എന്നേക്കും ജീവിക്കും. ഈ അപ്പം, ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ ശരീരമാകുന്നു."

വിശുദ്ധസംസർഗ്ഗം, അഥവാ "കർത്താവിന്റെ അത്താഴം", യേശുവുമായുള്ള നമ്മുടെ തുടർമാനമായ ബന്ധത്തിന്റെ ആചരിക്കലാണ്. ആചരണത്തിനുള്ള ലളിതമായ വഴിയിതാ:

യേശുവിന്റെ അനുഗാമികളായ നിങ്ങൾ ഒരുമിച്ചുകൂടുമ്പോൾ, ശാന്തമായി കുറച്ചു നേരം ധ്യാനിക്കുക, നിശ്ശബ്ദമായി നിങ്ങളുടെ പാപങ്ങൾ ഏറ്റുപറയുക. നിങ്ങൾ ഒരുങ്ങിക്കഴിയുമ്പോൾ, ഈ വാക്യങ്ങൾ ആരെക്കൊണ്ടെങ്കിലും വായിപ്പിക്കുക -

> "ഞാൻ കർത്താവിൽനിന്നു പ്രാപിക്കുകയും നിങ്ങൾക്ക് ഏല്പിക്കുകയും ചെയ്തത് എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവിടുന്ന് അപ്പം എടുത്ത് സ്തോത്രം ചൊല്ലി നുറുക്കി: "ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" എന്നു പറഞ്ഞു."
>
> 1 കൊരിന്ത്യർ 11:23,24

അപ്പം, ഗ്രൂപ്പംഗങ്ങൾക്കിടയിൽ കൈമാറുക, അപ്പം കഴിക്കുക. വായന തുടരുക.

> "അതുപോലെ തന്നെ അത്താഴം കഴിഞ്ഞശേഷം അവിടുന്ന് പാനപാത്രവും എടുത്തു; "ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്നു പറഞ്ഞു."
>
> 1 കൊരിന്ത്യർ 11:25

വീണ്ടും ഗ്രൂപ്പംഗങ്ങൾക്കിടയിൽ പങ്കിട്ട് കുടിക്കുക. വായന അവസാനിപ്പിക്കുക -

> "അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവിടുത്തെ മരണത്തെ പ്രസ്താവിക്കുന്നു."
>
> 1 കൊരിന്ത്യർ 11:26

പ്രാർത്ഥിക്കുകയോ പാടുകയോ ആവാം. നിങ്ങൾ കർത്താവിന്റെ അത്താഴത്തിൽ പങ്കാളികളായി. നിങ്ങൾ കർത്താവിന്റേതും കർത്താവു നിങ്ങളുടേതുമാണ്!

**പ്രവൃത്തി** [10 മിനിറ്റ്] - അടുത്ത 10 മിനിറ്റ് കർത്താവിന്റെ അത്താഴം ഗ്രൂപ്പിൽ ആചരിക്കുക.

# സെഷൻ 05

യേശുവിനുവേണ്ടി നിങ്ങളുടെ ദേശത്തെ ഒരുക്കുന്നതിനുള്ള ശക്തമായ ഒരു വഴിയാണു പ്രാർത്ഥനാ നടത്തം. അത് എങ്ങനെയാണെന്നാണ് ഇവിടെ നാം മനസ്സിലാക്കാൻ പോകുന്നത്. പ്രാർത്ഥനയുടെ ലളിതവും ശക്തവുമായ ഒരു മാതൃകയും നാം പഠിക്കും. നടക്കുമ്പോൾത്തന്നെ പുതിയ ആളുകളെ കണ്ട് അവരെ ശിഷ്യരാക്കാനും അതു നമ്മെ സഹായിക്കും.

## പ്രാർത്ഥനാ നടത്തം

ദൈവവചനം പറയുന്നത് "നാം രാജാക്കന്മാർക്കും അധികാരികൾക്കുംവേണ്ടി അപേക്ഷിക്കണം, പ്രാർത്ഥിക്കണം, മദ്ധ്യസ്ഥത വഹിക്കണം, എല്ലാവർക്കും വേണ്ടി നന്ദിയർപ്പിക്കണമെന്നുമാണ്. നമുക്കു സമാധാനത്തോടെ ദൈവഭക്തിയിൽ ജീവിക്കാൻവേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അതു നല്ലതാണ്, ദൈവത്തിനു പ്രസാദമുള്ളതാണ്. എല്ലാവരും രക്ഷ പ്രാപിക്കാനും സത്യത്തിന്റെ പരിജ്ഞാനത്തിലെത്താനും ദൈവം ആഗ്രഹിക്കുന്നു."

മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന ദൈവകല്പന അനുസരിക്കാനുള്ള ലളിതമായ ഒരു മാർഗ്ഗമാണു പ്രാർത്ഥനാ നടത്തം. പേരുപോലെ തന്നെ അതു നടന്നുകൊണ്ടുള്ള പ്രാർത്ഥനയാണ്.

കണ്ണുകളടച്ച് തല കുനിച്ചുകൊണ്ടു പ്രാർത്ഥിക്കുന്നതിനു പകരം, ചുറ്റുപാടുമുള്ള ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഹൃദയം താഴ്ത്തി, ദൈവം ഇടപെടുന്നതിനായി അപേക്ഷിക്കുകയാണ്.

രണ്ടുമൂന്നുപേരുള്ള ഗ്രൂപ്പുകളായി നടന്നുകൊണ്ട് നിങ്ങൾക്കു പ്രാർത്ഥിക്കാം.

നിങ്ങളൊരു ഗ്രൂപ്പായി നടന്നാൽ, കേൾക്കുന്ന രീതിയിൽ പ്രാർത്ഥിക്കാൻ ശ്രമിക്കുക. ഓരോരുത്തരും കാണുന്ന കാര്യങ്ങൾ ,ദൈവം നിങ്ങളുടെ ഹൃദയത്തിൽ നൽകുന്ന കാര്യങ്ങൾ ദൈവത്തോടു പറയുക. ഒറ്റയ്ക്കു പോവുകയാണെങ്കിൽ, നിശ്ശബ്ദമായി പ്രാർത്ഥിക്കുക. വഴിയിൽ കണ്ടുമുട്ടുന്നവരുമായി നടക്കുകയാണെങ്കിൽ, കേൾക്കത്തക്ക നിലയിൽ പ്രാർത്ഥിക്കുക.

പ്രാർത്ഥനാ നടത്തത്തിൽ എന്തു പ്രാർത്ഥിക്കണമെന്നു നിങ്ങൾക്കറിയാവുന്ന 4 മാർഗ്ഗങ്ങൾ:

**നിരീക്ഷണം -** എന്താണു നിങ്ങൾ കാണുന്നത്? ഒരു മുറ്റത്ത് ഒരു കളിപ്പാട്ടം കിടക്കുന്നതു നിങ്ങൾ കണ്ടാൽ, അവിടെയുള്ള കുട്ടികൾക്കുവേണ്ടിയും കുടുംബങ്ങൾക്കുവേണ്ടിയും സ്കൂളുകൾക്കുവേണ്ടിയും നിങ്ങൾക്കു പ്രാർത്ഥിക്കാം.

**ഗവേഷണം -** നിങ്ങൾക്കെന്തറിയാം? അടുത്തുള്ള ആ സ്ഥലത്തെക്കുറിച്ചു നിങ്ങൾ വായിച്ചിട്ടുണ്ടെങ്കിൽ, അവിടെ ജീവിക്കുന്നവരെക്കുറിച്ചു ചിലതൊക്കെ നിങ്ങൾക്കറിയാമായിരിക്കും. അതല്ലെങ്കിൽ, അവിടെ കുറ്റകൃത്യങ്ങൾകൊണ്ടു

വീർപ്പുമുട്ടുന്ന സ്ഥലമായിക്കും.ഇവയെക്കുറിച്ചു പ്രാർത്ഥിക്കുക, ദൈവം പ്രവർത്തിക്കാൻ അപേക്ഷിക്കുക.

**വെളിപ്പാട് -** പ്രത്യേകമായ ഒരാവശ്യത്തിനുവേണ്ടിയോ മറ്റോ പ്രാർത്ഥിക്കണമെന്ന തോന്നൽ പരിശുദ്ധാത്മാവു നിങ്ങളുടെ ഹൃദയത്തിൽ തന്നെന്നു വരാം. അതു ശ്രദ്ധിച്ച് അതിനുവേണ്ടി പ്രാർത്ഥിക്കാം!

**തിരുവെഴുത്ത് -** നിങ്ങളുടെ പ്രാർത്ഥനാ നടത്തത്തിന്റെ ഒരുക്കത്തിനായി ഒരു വചനഭാഗം നിങ്ങൾക്കു വായിക്കാം. നിങ്ങൾ നടക്കുമ്പോൾ, പരിശുദ്ധാത്മാവ് നിങ്ങളെ ഒരു വചനം ഓർമ്മിപ്പിച്ചേക്കാം. ആ വചനത്തെക്കുറിച്ചു പ്രാർത്ഥിക്കുക, ആ പ്രദേശത്തുള്ളവരെ ആ വചനം എങ്ങനെ സ്വാധീനിക്കുമെന്നും പ്രാർത്ഥിക്കുക.

നിങ്ങളുടെ പ്രാർത്ഥനാ നടത്തവേളയിൽ നിങ്ങൾക്കു ശ്രദ്ധ ചെലുത്താവുന്ന അഞ്ചു സ്വാധീനമേഖലകൾ ഇതാ:

**ഭരണകൂടം -** ഭരണകൂടത്തിനുവേണ്ടി പ്രാർത്ഥിക്കുക. കോടതികൾ, നിയമപാലന കേന്ദ്രങ്ങൾ എന്നിവ. ആ പ്രദേശത്തിന്റെ സംരക്ഷണത്തിനും നീതി, നേതാക്കന്മാർക്കു ദൈവികജ്ഞാനം എന്നിവയുണ്ടാകാൻവേണ്ടിയും പ്രാർത്ഥിക്കുക.

**വ്യാപാര, വ്യവസായങ്ങൾ -** വാണിജ്യമേഖലകൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. നീതിപൂർവ്വമായ നിക്ഷേപത്തിനും വിഭവങ്ങളുടെ ശരിയായ കാര്യവിചാരകത്വത്തിനുംവേണ്ടി പ്രാർത്ഥിക്കുക. സാമ്പത്തികനീതി, അവസരം, ഉദാരമതികളും ഭക്തരുമായ ദാതാക്കൾ (ലാഭത്തെക്കാൾ ആളുകൾക്കു പരിഗണന കൊടുക്കുന്നവർ) എന്നീ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുക.

**വിദ്യാഭ്യാസം -** വിദ്യാഭ്യാസ സ്ഥാപനങ്ങൾ നോക്കി, അവയ്ക്കു വേണ്ടി പ്രാർത്ഥിക്കുക. സ്കൂളുകൾ, കോളജുകൾ, സർവ്വകലാശാലകൾ എന്നിവയ്ക്കു വേണ്ടി പ്രാർത്ഥിക്കുക. നീതിയുള്ള അദ്ധ്യാപകർക്കായി പ്രാർത്ഥിക്കുക. അവർ ദൈവത്തിന്റെ സത്യം പഠിപ്പിക്കട്ടെ, വിദ്യാർത്ഥികളുടെ മനസ്സുകൾ അങ്ങനെ സംരക്ഷിക്കപ്പെടട്ടെ. വ്യാജവും സംശയവുമുളവാക്കുന്ന എല്ലാ പരിശ്രമത്തിലും ദൈവത്തിന്റെ ഇടപെടലുണ്ടാകാൻ പ്രാർത്ഥിക്കുക. സേവനത്തിനും നേതൃത്വം കൊടുക്കുന്നതിനും മനസ്സുള്ള പൗരന്മാർ ഈ സ്ഥാപനങ്ങളിൽനിന്നു പുറത്തുവരാൻ പ്രാർത്ഥിക്കുക.

**വാർത്താവിനിമയം -** വാർത്താവിനിമയ സംവിധാനങ്ങളായ റേഡിയോ, റ്റി.വി., പത്രം എന്നീ സ്ഥാപനങ്ങൾ നോക്കി അവയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. അവയിലൂടെ സുവിശേഷവും ക്രിസ്തുവിനെ അനുഗമിക്കുന്നവരുടെ സാക്ഷ്യങ്ങളും, നിങ്ങളുടെ സ്ഥലത്തും ലോകമെമ്പാടും പരക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുക. യേശുവിന്റെ സന്ദേശം, യേശുവിന്റെ മാദ്ധ്യമത്തിലൂടെ ജനകോടികളിലെത്താനും, എല്ലായിടത്തും ദൈവജനം ദൈവ പ്രവൃത്തി കാണാനും പ്രാർത്ഥിക്കുക.

**ആത്മീയത -** ആത്മീയകേന്ദ്രങ്ങളായ ആരാധനാലയങ്ങൾ, ക്ഷേത്രങ്ങൾ, മോസ്ക്കുകൾ മുതലായവ നോക്കി, അവയ്ക്കായി പ്രാർത്ഥിക്കുക. ഓരോ ആത്മീയാന്വേഷകനും യേശുവിൽ സമാധാനവും ആശ്വാസവും കണ്ടെത്തുന്നതിനും, തെറ്റായ വിശ്വാസത്തിലേക്കു വഴുതിപ്പോകാതിരിക്കാനും പ്രാർത്ഥിക്കുക.

**പ്രവൃത്തി** [60-90 മിനിറ്റ്] - രണ്ടു മൂന്നു പേരുള്ള ഗ്രൂപ്പുകളായി പിരിയുക, ചുറ്റുപാടും

നടന്നു കൊണ്ട് പ്രാർത്ഥിക്കുക. നിങ്ങളുടെ പ്രാർത്ഥനാ നടത്തത്തിനുള്ള സ്ഥലം നിങ്ങൾക്ക് ഇവിടെ വച്ചുതന്നെ തീരുമാനിക്കാം. ദൈവം നിയോഗിക്കുന്നതുപോലെ പോകുക. ഒന്നൊന്നര മണിക്കൂർ ഇങ്ങനെ ചെലവിടുക.

**ശ്രദ്ധിക്കുക -** പോകുന്നതിനുമുമ്പ് B.L.E.S.S. പ്രാർത്ഥന പഠിച്ച് പരിശീലിക്കുക.

## B.L.E.S.S പ്രാർത്ഥന

ഒടുവിലായി, പ്രാർത്ഥനാ നടത്തത്തിൽ നിങ്ങൾ കണ്ടുമുട്ടുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള 5 വഴികളുണ്ട്:

നിങ്ങൾ നടന്നുകൊണ്ടു പ്രാർത്ഥിക്കുമ്പോൾ, അവസരങ്ങൾക്കായി നിങ്ങൾ ജാഗ്രത കാട്ടണം. വഴിയിൽ കണ്ടുമുട്ടുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാൻ ദൈവാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തിനായി കാതോർക്കണം.

ഇങ്ങനെ നിങ്ങൾക്കു പറയാം: "ഈ സമൂഹത്തിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുകയാണ്. എന്തെങ്കിലും പ്രത്യേകവിഷയം പ്രാർത്ഥനയ്ക്കായുണ്ടോ?" അല്ലെങ്കിൽ ഇങ്ങനെ പറയാം: "ഈ നാടിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുകയാണ്.ഇവിടെ എന്തെങ്കിലും പ്രത്യേകമായ ആവശ്യം പ്രാർത്ഥനയ്ക്കായി ഉണ്ടെന്നു താങ്കൾക്കറിയാമോ? " അവരുടെ പ്രതികരണം ശ്രദ്ധിച്ചശേഷം, അവരുടെ ആവശ്യങ്ങൾ നിങ്ങൾക്കു ചോദിക്കാം. അവരതു പറഞ്ഞാൽ, അപ്പോൾത്തന്നെ പ്രാർത്ഥിക്കാം. കർത്താവു നയിക്കുന്നതുപോലെ മറ്റുള്ള വിഷയങ്ങൾക്കായും നിങ്ങൾക്കു പ്രാർത്ഥിക്കാവുന്നതാണ്.

B. L. E. S. S. എന്ന വാക്ക് ഉപയോഗിച്ചുകൊണ്ട് നിങ്ങൾക്ക് 5 വ്യത്യസ്തമായ നിലകളിൽ പ്രാർത്ഥിക്കാൻ കഴിയും:

- ശരീരം (Body). ആരോഗ്യം
- ജോലി (Labor). തൊഴിലും സാമ്പത്തികവും
- വൈകാരികം (Emotional). ധാർമ്മികത
- സമൂഹപരം (Social). ബന്ധങ്ങൾ
- ആത്മീയമായത് (Spiritual). ദൈവത്തെ കൂടുതലായി അറിഞ്ഞു സ്നേഹിക്കുക

മിക്കവാറും ആളുകളും നിങ്ങൾ അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിൽ നന്ദിയുള്ളവരാണ്.

ആ വ്യക്തിയൊരു ക്രിസ്ത്യാനിയല്ലെങ്കിൽ, നിങ്ങളുടെ സാക്ഷ്യവും സുവിശേഷവും പറയാ നുള്ള ഒരവസരമായും ഈ പ്രാർത്ഥനയിലൂടെ തുറന്നു കിട്ടുന്നത്. അവരെ നിങ്ങളുടെ ബൈബിൾ പomത്തിനു ക്ഷണിക്കുകയോ, അവരുടെ വീട്ടിൽ ഒരു ബൈബിൾ പഠനം സംഘടിപ്പിക്കുകയോ ചെയ്യുക.

ആ വ്യക്തി ഒരു ക്രിസ്ത്യാനിയാണെങ്കിൽ, നിങ്ങളുടെ പ്രാർത്ഥനാനടത്തത്തിൽ അദ്ദേഹത്തെ ക്ഷണിക്കാം.ലളിതമായ നിലകളിൽ പ്രാർത്ഥനാ നടത്തം അവരെ

പഠിപ്പിക്കാം. സ്വാധീന മേഖലകൾക്കുവേണ്ടി / B.L.E.S.S. രീതിയിൽ പ്രാർത്ഥിക്കാം. കൂടുതലായി ദൈവകുടുംബത്തിൽ വളരാം.

**പ്രവൃത്തി** [15 മിനിറ്റ്]. രണ്ടു മൂന്നു പേരായിത്തിരിഞ്ഞ് അടുത്ത 15 മിനിറ്റ് B.L.E.S.S. പ്രാർത്ഥന പരിശീലിക്കുക. അതിന്റെ 5 മേഖലകളും പരിശീലിക്കുക. ആർക്കെങ്കിലും വേണ്ടിയൊക്കെ പ്രാർത്ഥിക്കുക, മറ്റുള്ളവരെ B.L.E.S.S. പ്രാർത്ഥനയുടെ ഉപയോഗം ഗ്രഹിപ്പിക്കുന്നതെങ്ങനെയെന്നതും പ്രാക്റ്റിസ് ചെയ്യുക.

# സെഷൻ 06

ഈ ഭാഗത്ത്, വിശ്വസ്തരായ അനുഗാമികളെ ദൈവം ഉപയോഗിക്കുന്നതെങ്ങനെയെന്നു നാം ഗ്രഹിക്കും.അവർ പുതിയ വിശ്വാസികളായാൽപ്പോലും, വർഷങ്ങൾ തഴക്കവും പഴക്കവുമുള്ള അനുസരിക്കാത്തവരെക്കാൾ ദൈവം പ്രയോജനപ്പെടുത്തും. ഒറ്റനോട്ടത്തിൽത്തന്നെ ഒരുമിച്ചുകൂടുന്നതിനുള്ള ഒരു വഴിതുറക്കും. അതു ശിഷ്യന്മാർ വേഗത്തിൽ പെരുകുന്നതിനു സഹായകമാകും.

## 3/3 ഗ്രൂപ്പ് രീതി

യേശു പറഞ്ഞു: "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നിടത്ത് അവരുടെ നടുവിൽ ഞാനുണ്ട്."

അതൊരു ശക്തമായ വാഗ്ദത്തമാണ്. യേശുവിനെ അനുഗമിക്കുന്ന ഓരോരുത്തരും അതു പ്രയോജനപ്പെടുത്തണം. ഒരു ഗ്രൂപ്പായി നിങ്ങൾ കൂടിവരുമ്പോൾ, നിങ്ങൾ എങ്ങനെയാണു സമയം ചെലവഴിക്കുക?

ഒരു 3/3 ഗ്രൂപ്പ് മൂന്നായിട്ട് അവരുടെ സമയം വിഭജിക്കും. അങ്ങനെ യേശുവിന്റെ ഏറ്റവും പ്രധാനപ്പെട്ട ചില കല്പനകൾ അനുസരിക്കുന്നത് അവർക്കു പരിശീലിക്കാം.

ഇതാ, അതു പ്രവർത്തിക്കുന്നതെങ്ങനെയെന്നു നോക്കാം:

**പിന്നോട്ടു നോക്കുക** [1/3 സമയം]

**കരുതലും പ്രാർത്ഥനയും:** ഓരോരുത്തരെക്കൊണ്ടും ചിലതിനൊക്കെവേണ്ടി നന്ദിയർപ്പിക്കാൻ സമയമെടുക്കുക. പിന്നെ ഓരോരുത്തരും അവരുടെ പ്രശ്നങ്ങൾ പങ്കിടട്ടെ. അതിനുവേണ്ടി ചിലർ പ്രാർത്ഥിക്കട്ടെ. ആർക്കെങ്കിലും കൂടുതൽ ബുദ്ധിമുട്ടുള്ള പ്രശ്നമുണ്ടെങ്കിൽ, ആ വ്യക്തിക്കു വേണ്ടിയും കരുതലോടെ പ്രാർത്ഥിക്കുക.

**ദർശനം:** ഒരുമിച്ചു പാട്ടു പാടുക.ദൈവസ്നേഹം, മറ്റുള്ളവരെ സ്നേഹിക്കുന്നത്, മറ്റുള്ളവരോട് യേശുവിനെപ്പറ്റിപ്പറയുന്നത്, പുതിയ ഗ്രൂപ്പുകൾ തുടങ്ങുന്നത്, തുടങ്ങാൻ മറ്റുള്ളവരെ സഹായിക്കുന്നത് എന്നീ വിഷയങ്ങളടങ്ങിയ പാട്ടുകൾ ഒരുമിച്ചു ചേർത്തു പാടുക.

**പരിശോധന:** ഓരോരുത്തരും കഴിഞ്ഞയാഴ്ചയെടുത്ത തീരുമാനങ്ങൾ പാലിച്ചോയെന്നറിയാൻ, അവരതു പങ്കിടാൻ പറയുക:

൧. നിങ്ങൾ പഠിച്ചത് എങ്ങനെ അനുസരിച്ചു?
൨. നിങ്ങൾ പഠിച്ചത് ആരെ പരിശീലിപ്പിച്ചു?
൩. ആരുമായിട്ടാണു നിങ്ങൾ സുവിശേഷം പങ്കിട്ടത്?

ഒരെണ്ണം അനുസരിക്കാൻ അവർ മറന്നുപോയെങ്കിൽ /അവർക്കതിനുള്ള അവസരം കിട്ടിയില്ലെങ്കിൽ അവ ഈയാഴ്ചത്തെ തീരുമാനങ്ങളോടു ചേർത്തെഴുതണം. ദൈവം പറഞ്ഞതു വ്യക്തമായിക്കേട്ടിട്ടും അത് അനുസരി ക്കാതിരുന്നവരെ, സഭയുടെ അച്ചടക്കനടപടിക്കു വിധേയരാക്കണം.

**മുകളിലേക്കു നോക്കുക** [1/3 സമയം]

**പ്രാർത്ഥന:** ലളിതമായും ഹ്രസ്വമായും ദൈവത്തോടു പ്രാർത്ഥിക്കുക.ഈ വചനഭാഗം നിങ്ങളെ പഠിപ്പിക്കാൻ ദൈവത്തോടപേക്ഷിക്കുക.

**ചർച്ച ചെയ്യുക:** ഈയാഴ്ചത്തെ വചനഭാഗം വായിക്കുക.താഴെയുള്ള ചോദ്യങ്ങൾ ചർച്ച ചെയ്യുക:

1. ഈ വചനഭാഗത്ത് നിങ്ങൾക്ക് ഇഷ്ടപ്പെട്ടത് എന്താണ്?
2. ഈ വചനഭാഗത്ത് നിങ്ങൾക്കു വെല്ലുവിളിയായും മനസ്സിലാക്കാൻ പ്രയാസമായും തോന്നിയതെന്താണ്?

ഈയാഴ്ചത്തെ വചനഭാഗം വീണ്ടും വായിക്കുക.

3. ഈ വചനഭാഗത്തിൽനിന്ന് ആളുകളെക്കുറിച്ചു നമുക്കു മനസ്സിലാക്കാൻ കഴിയുന്നതെ ന്താണ്?
4. ഈ വചനഭാഗത്തുനിന്ന് ദൈവത്തെക്കുറിച്ചു നമുക്കു പഠിക്കാൻ കഴിയുന്നതെന്താണ്?

**മുന്നോട്ടു നോക്കുക** [1/3 സമയം]

**അനുസരിക്കുക. പരിശീലിപ്പിക്കുക. പങ്കു വയ്ക്കുക:** അഞ്ചു മിനിറ്റെങ്കിലും നിശ്ശബ്ദമായി പ്രാർത്ഥിക്കുക.ഈ ചോദ്യങ്ങൾക്ക് എങ്ങനെ മറുപടി നൽകണമെന്നു പരിശുദ്ധാത്മാവു കാട്ടിത്തരേണ്ടതിനും, അതിന്റെയടിസ്ഥാനത്തിൽ തീരുമാനങ്ങളെടുക്കേണ്ടതിനും ഗ്രൂപ്പിലുള്ളവരെല്ലാം പ്രാർത്ഥിക്കുക. എല്ലാവരും അവരവരുടെ തീരുമാനങ്ങൾ എഴുതുക. അങ്ങനെ അറിയുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാനും, കണക്കു കൊടുക്കുന്നവരായിരിക്കാനും കഴിയും. ആഴ്ചതോറും ഈ ചോദ്യങ്ങളെല്ലാം അവരുടെ ജീവിതത്തിൽ ബാധകമാകണമെന്നില്ല. ദൈവം പറഞ്ഞതാണെന്ന് ഉറപ്പില്ലാത്ത ഒരു ഉത്തരവാദിത്വം പങ്കുവച്ചാൽ, അതു കുറിക്കണം.എന്നാൽ അതൊരു നല്ല ആശയമാണെന്ന് അവർ ചിന്തിക്കുന്നുണ്ടാകാം. അക്കാര്യത്തിൽ, കണക്കു കൊടുക്കുന്നത് വേറൊരു തലത്തിലായിരിക്കുമല്ലോ.

5. ഈ വചനം എങ്ങനെ ഞാൻ ജീവിതത്തിൽ പകർത്തുകയും അനുസരിക്കുകയും ചെയ്യും?
6. ഈ വചനം ആധാരമാക്കി ഞാൻ ആരെയാണു പരിശീലിപ്പിക്കുക, ആരുമായാണ് ഇതു പങ്കിടുക?
7. എന്റെ സാക്ഷ്യവും സുവിശേഷവും ഈയാഴ്ച ആരുമായി പങ്കുവയ്ക്കണമെന്നാണു ദൈവം ആഗ്രഹിക്കുന്നത്?

**പ്രാക്റ്റിസ് ചെയ്യുക:** രണ്ടു മൂന്നു പേരായി നിങ്ങളെടുത്ത തീരുമാനങ്ങൾ (5, 6, / 7 ) പ്രാക്റ്റിസ് ചെയ്യുക. ഉദാഹരണമായി, ബുദ്ധിമുട്ടുള്ള ഒരു സംഭാഷണമോ, അതല്ലെങ്കിൽ ഒരു പരീക്ഷണമോ (temptation) അഭിനയിക്കുക. ഇന്നത്തെ വചനം പഠിപ്പിക്കുന്നതു പരിശീലിക്കുക / സുവിശേഷം പങ്കിടുന്നതു പ്രാക്റ്റിസ് ചെയ്യുക.

**ദൈവവുമായി സംസാരിക്കുക:** രണ്ടോ മൂന്നോ പേരുള്ള അതേ ഗ്രൂപ്പിൽ, ഓരോരുത്തർക്കുംവേണ്ടി പ്രാർത്ഥിക്കുക.ഈയാഴ്ച യേശുവിനെക്കുറിച്ചു കേൾക്കാൻ പോകുന്നവരുടെ ഹൃദയങ്ങൾ ഒരുക്കുന്നതിനായി ദൈവത്തോടപേക്ഷിക്കുക. നിങ്ങളെടുത്ത തീരുമാനങ്ങൾ അനുസരിക്കുന്നതിനുള്ള ബലവും ജ്ഞാനവും ദൈവം നിങ്ങൾക്കു നൽകുന്നതിനും അപേക്ഷിക്കുക.ഇതാണു കൂടിവരവിന്റെ സമാപനം.

എല്ലാവരും അവസാനിപ്പിച്ചശേഷം, കർത്തൃമേശ നടത്താം / ഒരുമിച്ചു ഭക്ഷണം കഴിക്കാം.


**കുറിപ്പ്** - നിങ്ങളുടെ 3/3 ഗ്രൂപ്പുകൾക്കു പഠിക്കാവുന്ന ചില വചനഭാഗങ്ങൾ ഈ ഗൈഡ് ബുക്കിന്റെ ഒടുവിലായുണ്ട്.

# സെഷൻ 07

ഈ ഭാഗത്ത് ഒരു പരിശീലനചക്രത്തെക്കുറിച്ചു പഠിക്കാം. ശിഷ്യന്മാർ, ഒരു സ്ഥലത്തുനിന്ന് പല സ്ഥലങ്ങളിലേക്കു പോയി, ഒരു മിഷൻ ഒരു പ്രസ്ഥാനമായിത്തീരാൻ സഹായിക്കുന്നതാണത്. 3/3 ഗ്രൂപ്പ് രീതിയും നാം പരിശീലിക്കുന്നതാണ്. നിങ്ങൾ കൂടിവരുന്ന രീതി, നിങ്ങളുടെ പെരുകലിനെ എങ്ങനെ സ്വാധീനിക്കുമെന്നും ഗ്രഹിക്കാം.

## പരിശീലനചക്രം (The Training Cycle)

ഇതൊരു മാതൃകയാണ്. സഹായിക്കുക, വീക്ഷിക്കുക, വിട്ടേക്കുക. പ്രവർത്തനം ചിത്രം നോക്കിക്കാണുക:




**മാതൃക** - മാതൃകയെന്നാൽ, ഒരു കാര്യം ചെയ്യുന്നതിനുള്ള ദൃഷ്ടാന്തം കാണിച്ചുകൊടുക്കുന്നതാണ്. പരിശീലനചക്രത്തിന്റെ ഏറ്റവും ചുരുങ്ങിയ ഭാഗമാണിത്.ഒരിക്കൽ മാത്രം ഇതു ചെയ്താൽ മതി. ഒരു കാര്യം (tool) എങ്ങനെയായിരിക്കുമെന്നുള്ള ഒരു അവബോധം നൽകുന്ന പരിശീലമാണത്. ആരെയെങ്കിലും പ്രാപ്തരാക്കുന്നതിനുള്ള കാര്യക്ഷമമായ വഴിയല്ല മാതൃക കാട്ടൽ. അവരവർ തന്നെത്താൻ പരിശീലിച്ചെങ്കിലേ മതിയാകൂ.

ഒരാൾ സൈക്കിളോടിക്കുന്നത് ഒരു കുട്ടി കാണുന്നത് മാതൃകയുടെ ഒരു തലമാണ്.

**സഹായിക്കുക -** ഇതു പഠിതാവിനെ പരിശീലിക്കാൻ സഹായിക്കുന്നതാണ്. മാതൃക

കാട്ടുന്നതിനെക്കാൾ കൂടുതൽ സമയം അതിനു വേണം. പരിശീലകന്റെ "ഒരു കൈ" സഹായം ഇതിനാവശ്യമാണ്. പരിശീലകൻ, ദിശാബോധമുള്ള, പഠിതാവിന്റെ പരിശീലനത്തിൽ സജീവമായിരിക്കുന്ന വ്യക്തിയായിരിക്കണം. പിതാവ് അടിസ്ഥാന കാര്യങ്ങൾ ഗ്രഹിക്കുന്നതുവരെ ഇതുമതി, പൂർണ്ണമായ പ്രാപ്തി കൈവരിക്കുന്നതുവരെ ഇതു വേണ്ട.ഈ സഹായതലം നീണ്ടുപോയാൽ, പഠിതാവിനു പരിശീലകനിൽ ഒരാശ്രയം രൂപം കൊള്ളും. പിന്നെയൊരിക്കലും സ്വന്തം കാലിൽ നിൽക്കാനാവില്ല. സഹായത്തിന്റെ തലം അവസാനിക്കുന്നത് പഠിതാവു ശ്രദ്ധിക്കണം; മറ്റുള്ളവർക്കു മാതൃകയാകാനുള്ള തുടക്കമാണത്. ഇതു പഠിതാവിനെ പരിശീലിക്കാൻ സഹായിക്കുന്നതാണ്. മാതൃക കാട്ടുന്നതിനെക്കാൾ കൂടുതൽ സമയം അതിനു വേണം. പരിശീലകന്റെ "ഒരു കൈ" സഹായം ഇതിനാവശ്യമാണ്. പരിശീലകൻ, ദിശാബോധമുള്ള, പഠിതാവിന്റെ പരിശീലനത്തിൽ സജീവമായിരിക്കുന്ന വ്യക്തിയായിരിക്കണം. പിതാവ് അടിസ്ഥാന കാര്യങ്ങൾ ഗ്രഹിക്കുന്നതുവരെ ഇതുമതി, പൂർണ്ണമായ പ്രാപ്തി കൈവരിക്കുന്നതുവരെ ഇതു വേണ്ട.ഈ സഹായതലം നീണ്ടുപോയാൽ, പഠിതാവിനു പരിശീലകനിൽ ഒരാശ്രയം രൂപം കൊള്ളും. പിന്നെയൊരിക്കലും സ്വന്തം കാലിൽ നിൽക്കാനാവില്ല. സഹായത്തിന്റെ തലം അവസാനിക്കുന്നത് പഠിതാവു ശ്രദ്ധിക്കണം; മറ്റുള്ളവർക്കു മാതൃകയാകാനുള്ള തുടക്കമാണത്.

ഒരു കുട്ടിക്കു സൈക്കിൾ ബാലൻസ് കിട്ടാനായി കുട്ടിയുടെ പിതാവു സൈക്കിളിൽ പിടിക്കുന്നതാണു സഹായിക്കുന്ന തലം.

**വീക്ഷിക്കുക -** ഏറ്റവും നീണ്ട തലം വീക്ഷിക്കുക. പഠതാവുമായി നേരിട്ടല്ലാത്ത ബന്ധം അതിലുണ്ട്.ഒരു കഴിവിന്റെ എല്ലാ രംഗങ്ങളിലും പൂർണ്ണമായ ശേഷി വികസിപ്പിക്കണമെന്ന് അത് ലക്ഷ്യമിടുന്നു. ആദ്യത്തെ രണ്ടു തലങ്ങളുടെ പത്തിരട്ടി സമയം അതിനു വേണ്ടിവന്നേക്കാം. പഠിതാവ് ആ തൊഴിലിൽ / കഴിവിൽ പുരോഗതി പ്രാപിക്കുമ്പോൾ, പരിശീലകനുമായുള്ള ബന്ധം കുറഞ്ഞു കുറഞ്ഞുവരും. ഈ തലത്തിലാണു പഠിതാവിന് അയാളുടെ കഴിവിൽ **(skill)** കൂടുതൽ താത്പര്യവും ഉത്തരവാദിത്വവുമുണ്ടാകുന്നത്. ശിഷ്യരാക്കുന്നതിന്റെ അവസാനതലം ഇതാണെന്നു പറയാം.വിജയകരമായി പഠിതാവ് ഇതു പൂർത്തിയാക്കിക്കഴിയുമ്പോൾ, അയാൾ പരിശീലിപ്പിക്കുന്നവരിലൂടെ നാലാമത്തെ തലത്തിലേക്കു കടക്കുകയാണ്.

ഒരു കുട്ടി, സൈക്കിൾ ചവിട്ടുന്നതു നിരീക്ഷിക്കുന്ന പിതാവ്, ആ കുട്ടിക്കും പിതാവിനും, മേൽനോട്ടമില്ലാതെ സൈക്കിൾ ചവിട്ടാൻ കഴിയുമെന്ന് ഉറപ്പിക്കുകയാണ്. ഇതാണു വീക്ഷിക്കുന്ന തലം.

**വിട്ടുകളയുക (Leave)** – പഠിതാവ് പഠനം പൂർത്തിയാക്കി, സ്വന്തം കാലിൽ നിൽക്കുമ്പോൾ നടക്കുന്നതാണിത്. പഠിതാവും പരിശീലകനും **(mentor)** ഒരേ വഴിയിലാണെങ്കിൽ, ഇടയ്ക്കിടെ പരസ്പരം ബന്ധപ്പെട്ട് ആലോചനകൾ പങ്കുവയ്ക്കാം.

കുട്ടിക്കു തനിച്ചു സൈക്കിൾ ചവിട്ടുന്നതിനായി, സൈക്കിൾ പൂർണ്ണമായി പിതാവു വിട്ടുകൊടുക്കുന്നതാണ് ഈ **(Leave)** തലം.

## 3/3 ഗ്രൂപ്പ് രീതി പ്രാക്റ്റിസ് ചെയ്യുക

**പ്രവൃത്തി** [90 മിനിറ്റ്] - അടുത്ത 90 മിനിറ്റ് നേരം, ഗ്രൂപ്പു മുഴുവനുമായി, പേജ് 19, 20 ലെ 3/3 ഗ്രൂപ്പ് രീതി പരിശീലിക്കുക.

- **പിന്നോട്ടു നോക്കുക** - "വിശ്വസ്തത" പരിശീലിക്കാനുള്ള, കഴിഞ്ഞയാഴ്ചയിലെ വെല്ലുവിളികൾ ഉപയോഗിക്കാം.
- **മുകളിലേക്കു നോക്കുക -** മർക്കോസ് 5:1-20 വായിച്ചിട്ട് 1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.
- **മുന്നോട്ടു നോക്കുക -** നിങ്ങൾ എങ്ങനെ അനുസരിക്കും, എങ്ങനെ പരിശീലിക്കും, എങ്ങനെ പങ്കു വയ്ക്കും എന്നുള്ള കാര്യങ്ങൾ കണ്ടെത്താൻ 5, 6, 7 ചോദ്യങ്ങൾ ഉപയോഗിക്കുക.

**ഓർക്കുക -** നിങ്ങളുടെ പ്രാക്റ്റിസിന്റെ ഓരോ ഭാഗവും 30 മിനിറ്റു വീതം ഉണ്ടായിരിക്കണം.

# സെഷൻ 08

ഈ സെഷനിൽ, ചെറിയ സമയത്തിനുള്ളിൽ, അംഗങ്ങളെ ആജീവനാന്തനേതാക്കന്മാരായി മാറ്റുന്നതെങ്ങനെയെന്നു നാം പഠിക്കും. മറ്റുള്ളവരെ സേവിക്കുന്നതിലൂടെ എങ്ങനെ നേതൃത്വത്തിലെത്താമെന്ന യേശുവിന്റെ ലക്ഷ്യവും ഗ്രഹിക്കാം. കൂടാതെ, വീണ്ടും നാം 3/3 ഗ്രൂപ്പ് പരിശീലിക്കുന്നതാണ്.

## ലീഡർഷിപ് സെല്ലുകളാണ്

3/3 ഗ്രൂപ്പുകൾ ലീഡർഷിപ് സെല്ലുകളാണ്. മുൻകൂട്ടി നിശ്ചയിച്ച സമയപരിധിക്കുള്ളിലാണ് അവ കൂടിവരുന്നത് [ഈ സെഷൻ 09 ട്രെയ്നിങ് കോഴ്സ് പോലെ]. പുറത്തു പോയി, സ്വന്തമായി ഗ്രൂപ്പുകളുണ്ടാക്കാൻ / നേതൃത്വസെല്ലുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണിത്.

നിരവധി സാഹചര്യങ്ങളിൽ ഈ സമീപനം ഉപയുക്തമാണ്. നാടോടികൾക്കിടയിലും വിദ്യാർത്ഥികൾക്കിടയിലും ഇത് ഉപയോഗിക്കാം. നേരത്തേ തന്നെ ക്രിസ്തുവിശ്വാസികളായിക്കഴിഞ്ഞവരുണ്ടെങ്കിൽ, അവർക്കുവേണ്ടിയും ഇതു പ്രയോജനപ്പെടുത്താം. എന്നാൽ തുടർമാനമായ ഒരു ഗ്രൂപ്പ് രൂപീകരിക്കാൻ ഇത് അവർക്കനുയോജ്യമല്ല. സ്വന്തമായി ഗ്രൂപ്പുണ്ടാക്കാനുള്ള പരിശീലനം അവർക്കാവശ്യമാണ്. കുറെപ്പേർ വിശ്വാസത്തിൽ വന്നിട്ടുണ്ടെങ്കിൽ, അപ്പോൾത്തന്നെ അനുധാവന പ്രവർത്തനങ്ങൾക്കു മതിയായ സമയമില്ലെങ്കിൽ, അവർക്ക് ഏറ്റവും വലിയ അനുഗ്രഹമുണ്ടാകാനായി ഇതു പ്രയോജനപ്പെടുത്താം.

## 3/3 ഗ്രൂപ്പ് രീതി വീണ്ടും പ്രാക്റ്റിസ് ചെയ്യുക

**പ്രവൃത്തി [90 മിനിറ്റ്] -** അടുത്ത **90** മിനിറ്റ് നേരം ഗ്രൂപ്പ് മുഴുവനും **19,20** പേജുകളിൽ കാണുന്നതുപോലെ **3/3** ഗ്രൂപ്പ് പ്രാക്റ്റിസ് ചെയ്യുക.

ഇപ്പോൾ:

- **പിന്നോട്ടു നോക്കുക** - കഴിഞ്ഞ സെഷനിലെ അനുസരിക്കുക, പരിശീലിപ്പിക്കുക, പങ്കുവയ്ക്കുക എന്നീ വെല്ലുവിളികൾ ഉപയോഗിച്ചുകൊണ്ട് പരസ്പരം പരിശോധിക്കുക.
- **മുകളിലേക്കു നോക്കുക** - അ. പ്രവൃത്തികൾ **2:42-47** ഗ്രൂപ്പിന്റെ വായനഭാഗമായി ഉപയോഗിച്ച് **1-4** ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.
- **മുന്നോട്ടു നോക്കുക** - 5, 6, 7 ചോദ്യങ്ങൾ ഉപയോഗിച്ച് നിങ്ങൾ എങ്ങനെ അനുസരിക്കും, എങ്ങനെ പരിശീലിപ്പിക്കും, എങ്ങനെ പങ്കുവയ്ക്കും എന്നിവ കണ്ടെത്തുക.

എല്ലാവർക്കും നയിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനുമുള്ള അവസരം കിട്ടുന്നതിനായി, മാറി മാറി നയിക്കുക **(Lead).** ശരിയായുള്ളതും എളുപ്പമുള്ളതും (കുറഞ്ഞ പ്രാക്റ്റിസിൽ) അടുത്ത കാൽച്ചുവടിനു

പറ്റിയതും (ഗ്രൂപ്പിലുള്ളവർക്കെല്ലാം ഇണങ്ങിയ) അധികമായി വളരാനുതകുന്ന നിലയിൽ അന്യോന്യം പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

**ഓർക്കുക** - ഓരോ സെഷനും **1/3 [30** മിനിറ്റ്] പരിശീലനസമയമെടുക്കണം.

## സെഷൻ 09

ഈ സെഷനിൽ, എഴുതപ്പെട്ട (linear) മാതൃകകൾ ദൈവരാജ്യവളർച്ചയെ പിന്നോട്ടടിക്കുന്നതെങ്ങനെയെന്നും, തുടർമാനമല്ലാത്ത (non sequential) ചിന്താഗതികൾ ശിഷ്യരെ പെരുക്കാൻ നിങ്ങളെ സഹായിക്കുന്നതെങ്ങനെയെന്നും നാം ഗ്രഹിക്കുന്നതാണ്.ശിഷ്യരെ ഉളവാക്കുന്നതിന് എത്ര സമയം വേണമെന്നും, നമ്മുടെ ഗതിവേഗം (pace) എങ്ങനെ കൂട്ടണമെന്നും നാം കണ്ടെത്തും. രണ്ടു സഭകളിലുള്ള ക്രിസ്താനുഗാമികൾക്ക് ഒരുമിച്ചുകൂടി, വിശ്വസ്തരും ആത്മീയരുമായ കൂട്ടമാകാനും, അങ്ങനെ പട്ടണം മുഴുക്കെയുള്ള ഒരു വലിയ കൂട്ടമായിത്തീരാനും എങ്ങനെ കഴിയുമെന്നും നമുക്കു ഗ്രഹിക്കാം. ഒടുവിലായി, ലളിതമായ ഒരു ത്രൈമാസപദ്ധതി എങ്ങനെയാണു നിങ്ങളുടെ പ്രയത്നങ്ങളെ കേന്ദ്രീകരിക്കുന്നതെന്നും, ദൈവരാജ്യവ്യാപ്തിയിൽ നിങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതെങ്ങനെയെന്നും നാം ഗ്രഹിക്കും.

## ത്രൈമാസപദ്ധതി

ശിഷ്യരാക്കുന്നതിനുള്ള ചില അടിസ്ഥാനപാഠങ്ങൾ നിങ്ങൾക്കു പരിചയപ്പെടുത്തിക്കഴിഞ്ഞു. കുറച്ചു നേരം നിങ്ങൾ പ്രാർത്ഥിക്കുക. അടുത്ത മൂന്നു മാസം അവ എങ്ങനെ ഉപയോഗിക്കണമെന്നു കർത്താവിനോടു ചോദിക്കുക. കർത്താവു പറഞ്ഞതു കേട്ട് താഴെപ്പറയുന്ന പദ്ധതി നിറവേറ്റുക. നിങ്ങളുടെ പ്ലാൻ, ട്രെയിനിങ് പങ്കാളിയുമായി പങ്കിടുക. നിങ്ങൾ പരസ്പരം പരിശോധിക്കുമ്പോൾ (ഇന്നു മുതൽ 1, 2, 3, 4, 6, 8, 12 ആഴ്ചകൾ വരെ), ഒരു അനുധാവന, കണക്കുകൊടുക്കൽ സംവിധാനം (schedule) രൂപീകരിക്കുക.

എന്റെ സാക്ഷ്യവും സുവിശേഷവും താഴെപ്പറയുന്നവരുമായി ഞാൻ പങ്കുവയ്ക്കും:

എന്നോടൊപ്പം കണക്കു കൊടുക്കൽ ഗ്രൂപ്പുണ്ടാക്കാൻ താഴെപ്പറയുന്നവരെ ഞാൻ ക്ഷണിക്കും:

താഴെപ്പറയുന്നവരെ, അവരുടേതായ കണക്കു കൊടുക്കൽ ഗ്രൂപ്പു തുടങ്ങാൻ ഞാൻ ഉദ്യമിപ്പിക്കുകയും, അതു ചെയ്യാനുള്ള പരിശീലനം അവർക്കു നൽകുകയും ചെയ്യും:

എന്നോടൊപ്പം 3/3 ഗ്രൂപ്പിൽ പങ്കാളികളാകാൻ, താഴെപ്പറയുന്നവരെ ഞാൻ ക്ഷണിക്കും:

താഴെപ്പറയുന്നവരെ, അവരുടേതായ 3/3 ഗ്രൂപ്പ് തുടങ്ങാൻ ഞാൻ ഉദ്യമിപ്പിക്കുകയും, അതു നടത്താൻ അവരെ പരിശീലിപ്പിക്കുകയും ചെയ്യും:

താഴെപ്പറയുന്നവരെ 3/3 പ്രത്യാശ (hope)യിൽ / കണ്ടെത്തൽ ഗ്രൂപ്പിൽ (അനുബന്ധം കാണുക) പങ്കെടുക്കാൻ ഞാൻ ക്ഷണിക്കുന്നതാണ്:

താഴെപ്പറയുന്നവരെ, എന്നോടൊപ്പം പ്രാർത്ഥനാ നടത്തത്തിനായി ഞാൻ ക്ഷണിക്കും:

താഴെപ്പറയുന്നവരെ, സ്വന്തം സാക്ഷ്യം പങ്കിടാനും സുവിശേഷം പറയാനും, അവർക്കു പരിചയമുള്ളവരിൽനിന്ന് 100 പേരുടെ ലിസ്റ്റുണ്ടാക്കാനും ഞാൻ പ്രാപ്തരാക്കും:

താഴെപ്പറയുന്നവരെ,ഒരു കാലയളവിനുള്ളിൽ പ്രാർത്ഥനാചക്രം ഉപയോഗിക്കാൻ ഞാൻ ഉദ്യമിപ്പിക്കും:

പ്രാർത്ഥനാചക്രം ഞാൻ [ ____________________ ദിവസങ്ങളിലൊരിക്കൽ / ______________________ ആഴ്ചകളിലൊരിക്കൽ / ____________________ മാസങ്ങളിലൊരിക്കൽ] ഉപയോഗിക്കും.

ഞാൻ നയിക്കുന്ന ലീഡർഷിപ് സെല്ലിൽ പങ്കെടുക്കാൻ താഴെപ്പറയുന്നവരെ ഞാൻ ക്ഷണിക്കും:

Zume പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താഴെപ്പറയുന്നവരെ ഞാൻ ക്ഷണിക്കും:

മറ്റു തീരുമാനങ്ങൾ:

# മുന്നേറ്റ പരിശീലനം (Advanced Training)

## സെഷൻ 10

ഈ സെഷനിൽ, നമ്മുടെ പരിശീലനശേഷി എങ്ങനെ ഉയർത്താമെന്ന് പെട്ടെന്നു പരിശോധിച്ചു നിർണ്ണയിക്കാം (checklist assessment). പരസ്പരം ബന്ധം പുലർത്തുന്ന നേതൃത്വങ്ങൾ മൂലം, ചെറിയ സഭകൾ ഒത്തൊരുമിച്ചു പ്രവർത്തിച്ച് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതെന്നും നാം ഗ്രഹിക്കും. വളർച്ചയുടെ മൊത്തത്തിലുള്ള, പൂർണ്ണമായ തലത്തിലേക്കു നേതാക്കളെ എത്തിക്കുന്ന 'പീർ മെന്ററിങ് ഗ്രൂപ്പുകൾ' രൂപീകരിക്കുന്നതെങ്ങനെയെന്നും നാം പഠിക്കുന്നതാണ്.

## കോച്ചിങ് ചെക്ക് ലിസ്റ്റ്

ശിഷ്യരെ പെരുക്കുന്ന കാര്യത്തിൽ നിങ്ങൾക്കുള്ള ബലവും ബലഹീനതയും പെട്ടെന്നു നിർണ്ണയിക്കാനുതകുന്ന ശക്തമായ ഒരു ഉപകരണ (tool) മാണിത്. നിങ്ങൾക്കു മറ്റുള്ളവരെ സഹായിക്കാനും, മറ്റുള്ളവർക്കു നിങ്ങളെ സഹായിക്കാനും ഇതുകൊണ്ടു സാധിക്കും.

താഴെപ്പറയുന്ന രീതികൾ ഉപയോഗിച്ചുകൊണ്ട് പെട്ടെന്നു തന്നെ (5 മിനിറ്റിൽ കുറഞ്ഞ സമയത്തിനുള്ളിൽ) സ്വയം വിലയിരുത്താം:

- പടി 1. ചെക്ക് ലിസ്റ്റിന്റെ ഇടത്തേയറ്റത്തുള്ള കോളത്തിലെ ശിഷ്യത്വപരിശീലനോപാധികൾ(tools) വായിക്കുക.
- പടി 2. ഓരോ പരിശീലനോപാധിയും അടയാളപ്പെടുത്തി, താഴെപ്പറയുന്ന രീതിയിൽ പ്രയോഗിക്കുക:
    - പരിചയമില്ലാത്ത tool ആണെങ്കിൽ / മനസ്സിലാകുന്നില്ലെങ്കിൽ, കറുത്ത കോളം നോക്കുക.
    - ഏറെക്കുറെ പരിചയമുണ്ട്, എന്നാലും ഉറപ്പില്ലാത്ത tool ആണെങ്കിൽ, ചുവന്ന കോളം നോക്കുക.
    - നിങ്ങൾക്കു മനസ്സിലാകുന്നതും, അടിസ്ഥാനകാര്യങ്ങൾ പരിശീലിപ്പിക്കാൻ കഴിയുന്നതുമായ tool ആണെങ്കിൽ, മഞ്ഞക്കോളം നോക്കുക
    - നിങ്ങൾക്ക് ആത്മവിശ്വാസമുള്ള, നന്നായി പരിശീലിപ്പിക്കാവുന്ന tool ആണെങ്കിൽ, പച്ചക്കോളം നോക്കുക.

**ഓർക്കുക -** നിങ്ങളുടെ കോച്ചിങ് ചെക്ക് ലിസ്റ്റ് ഫലങ്ങൾ Zume കോച്ചുമായിട്ടോ പരിശീലന പങ്കാളിയുമായിട്ടോ മറ്റ് ഉപദേഷ്ടാവുമായിട്ടോ പങ്കു വയ്ക്കാൻ മറക്കരുത്. നിങ്ങൾ കോച്ചിനെ സഹായിക്കുകയോ, ആർക്കെങ്കിലും ഉപദേശം നൽകുകയോ (mentor) ചെയ്യുകയാണെങ്കിൽ, നിങ്ങളുടെ ശ്രദ്ധയും പരിശീലനവും ആവശ്യമായ മേഖലകൾ നിർണ്ണയിക്കാൻ സഹായകമായ ഈ tool പങ്കു വയ്ക്കുക.

# കോച്ചിങ് ചെക്ക് ലിസ്റ്റ്

കറുപ്പ് (**black**): പുതിയ വിവരങ്ങളോടെ പരിശീലിപ്പിക്കുക, മനസ്സിലാക്കിയെന്ന് ഉറപ്പു വരുത്തുക.

ചുവപ്പ് (red): അടിസ്ഥാന കാര്യങ്ങൾ അവർ മനസ്സിലാക്കുന്നതുവരെ, നിർത്തിയിട്ട് അവരോടൊപ്പം നിലകൊള്ളുക.

മഞ്ഞ (yellow): സ്ഥിരമായ കഴിവു പ്രകടമാണോയെന്നു നോക്കുക.

പച്ച (green): അവരെ വിട്ടിട്ട്, മറ്റുള്ളവരെ മെച്ചപ്പെടുത്താൻ നോക്കുക.

| | മാതൃക | ഹായിക്കുക | വീക്ഷിക്കുക | വിട്ടുകൊടുക്കുക |
|---|---|---|---|---|
| | അവബോധമില്ലാ | വൈദഗ്ദ്ധ്യമില്ലാത്ത | കഴിവുള്ള | വൈദഗ്ദ്ധ്യമുള്ള |
| | ഉപദേഷ്ടാവിന്റെ പങ്ക് | | | |
| | ഉപദേഷ്ടാവ് നിർദ്ദേശവും വിവരവും നൽകുന്നു | ഉപദേഷ്ടാവ് നിർദ്ദേശവും പിൻതുണയും നൽകുന്നു | ഉപദേഷ്ടാവ് പിൻതുണയും പ്രോത്സാഹനവും നൽകുന്നു | ഉപദേഷ്ടാവ് പുതിയ വിവരങ്ങൾ സ്വീകരിക്കുന്നു |
| | പ്ലാനുകൾ ഉണ്ടാക്കുന്നതെങ്ങനെ | | | |
| **പരിശീലനോപാധി** | ഉപദേഷ്ടാവ് തീരുമാനിക്കുന്നു | ഉപദേഷ്ടാവ് /സ്വീകർത്താവ് ചർച്ച ചെയ്യുന്നു ഉപദേഷ്ടാവ് തീരുമാനിക്കുന്നു | ഉപദേഷ്ടാവ്/ സ്വീകർത്താവ് ചർച്ച ചെയ്യുന്നു സ്വീകർത്താവ് തീരുമാനിക്കുന്നു | സ്വീകർത്താവ് തീരുമാനിക്കുന്നു |
| താറാവിൻ കുഞ്ഞിന്റെ ശിഷ്യത്വം | | | | |
| നിങ്ങളുടെ സാക്ഷ്യം പറയുക | | | | |
| സുവിശേഷം പറയുക | | | | |
| ബന്ധങ്ങളുടെ കാര്യവിചാരകത്വം 100 പേരുടെ പട്ടിക | | | | |
| ഗതിവേഗം | | | | |
| തുടർമാനമല്ലാത്ത ശുശ്രൂഷ | | | | |
| 3/3 ഗ്രൂപ്പ് രീതി | | | | |
| ലളിതമായ സഭ. ദൈവത്തെ, മറ്റുള്ളവരെ സ്നേഹിക്കുക, ശിഷ്യരാക്കുക | | | | |
| രണ്ടു സഭകളുടെ ഭാഗമായിരിക്കുക | | | | |
| പരിശീലനചക്രം | | | | |
| കണക്കു കൊടുക്കൽ ഗ്രൂപ്പുകൾ | | | | |
| സ്വയം പോഷിപ്പിക്കൽ: | | | | |
| • ദിവസവും ദൈവവചനം വായിക്കുക [അനുസരിക്കുക] | | | | |
| • പ്രാർത്ഥിക്കുക. പറയുക, കേൾക്കുക [പ്രാർത്ഥനാ ചക്രം] | | | | |
| • ക്രിസ്തുവിന്റെ ശരീരജീവിതം. അന്യോന്യമുള്ള കൂട്ടായ്മ [fellowship] | | | | |
| • ഉപദ്രവവും സഹനവും | | | | |
| ദൈവരാജ്യമില്ലാത്തയിടം കാണാനുള്ള കണ്ണുകൾ | | | | |

| | | | | |
|---|---|---|---|---|
| സമാധാനവ്യക്തിയെത്തേടൽ [മത്തായി 10; ലൂക്കോസ് 10] | | | | |
| പ്രാർത്ഥനാ നടത്തം | | | | |
| ഒരു സഭയായിരിക്കുക: | | | | |
| • കൂട്ടായ്മ [ഒരുമിച്ച്, അന്യോന്യം ഭക്ഷണം കഴിക്കുക] | | | | |
| • സ്തുതി, ആരാധന | | | | |
| • ദൈവവചനം [അനുസരിക്കുക, പരിശീലിപ്പിക്കുക] | | | | |
| • യേശുവിനെക്കുറിച്ചു മറ്റുള്ളവരോടു പറയുക [പങ്കുവയ്ക്കുക] | | | | |
| • സ്നാനം | | | | |

## പീർ മെന്ററിങ് ഗ്രൂപ്പുകൾ

യേശു പറഞ്ഞു: "നിങ്ങൾ അന്യോന്യം സ്നേഹിക്കണമെന്ന പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു.ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കുവിൻ. നിങ്ങൾ അന്യോന്യം സ്നേഹിച്ചാൽ, നിങ്ങൾ എന്റെ ശിഷ്യരാണെന്ന് എല്ലാവരും അറിയും."

3/3 ഗ്രൂപ്പുകൾ ആരംഭിച്ച് അതു നടത്തുന്നവരുടെ കൂട്ടമാണു പീർ മെന്ററിങ് ഗ്രൂപ്പ്. അതിന്റെ രീതിയും 3/3 ഗ്രൂപ്പിന്റെ രീതിയാണ്. നിങ്ങളുടെ പ്രദേശത്തെ ദൈവവേലയുടെ നിലവാരം കണക്കാക്കുന്നതിനുള്ള ശക്തമായ ഒരു മാർഗ്ഗമാണിത്.

നേതാവ് നേതാവിനോട് (leader to leader) എന്ന രീതിയിൽ, യേശുവിന്റെ അനുഗാമികൾ ഉപദേശം നൽകുന്നതാണു പീർ മെന്ററിങ് ഗ്രൂപ്പുകൾ നടപ്പാക്കുന്നത്. സഭകളുമായും സുവിശേഷസംഘടനകളുമായും ലോ കവ്യാപകമായുള്ള കൂട്ടായ്മകളുമായും ബന്ധമുണ്ട്.

യേശുവിന്റെ ശുശ്രൂഷാ ലക്ഷ്യം ലാക്കാക്കിക്കൊണ്ട് പീർ മെന്ററിങ് ഗ്രൂപ്പംഗങ്ങൾ പ്രവർത്തിക്കുകയും ചോദ്യങ്ങൾ ചോദിച്ച് അവയ്ക്കുത്തരം നൽകുകയും ചെയ്യുന്നു. ഈ കൂടി വരവുകൾ ആരുടെയെങ്കിലും പ്രശംസയ്ക്കോ ആരെയെങ്കിലും താഴ്ത്തുന്നതിനോ ഉള്ളതല്ല.

ഈ ലളിതമായ രീതി ഉപയോഗിക്കുക:

**പിന്നോട്ടു നോക്കുക** [1/3 സമയം]

ആദ്യത്തെ മൂന്നിലൊന്നു സമയം പ്രാർത്ഥിക്കുക, കരുതുക: 3/3 ഗ്രൂപ്പിലേതുപോലെതന്നെ. മുൻ തീരുമാനങ്ങളിലെ ദർശനവും വിശ്വസ്തതയും വിലയിരുത്താൻ സമയമെടുക്കുക:

ക്രിസ്തുവിൽ നിങ്ങൾ നന്നായി വസിക്കുന്നുണ്ടോ? [വചനവായന, പ്രാർത്ഥന, വിശ്വാസം, അനുസരണം, ബന്ധങ്ങൾ?] കഴിഞ്ഞ കൂടിവരവു മുതലുള്ള നിങ്ങളുടെ പ്രവർത്തനപദ്ധതികൾ നിങ്ങളുടെ ഗ്രൂപ്പ് പൂർത്തിയാക്കിയോ? അവലോകനം ചെയ്യുക.

**മുകളിലേക്കു നോക്കുക** [1/3 സമയം]

താഴെപ്പറയുന്ന ചോദ്യങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്യുക:

1. നാലുനിലച്ചിത്രത്തിന്റെ (4 fields diagrom) ഓരോ ഭാഗവും നിങ്ങൾ എങ്ങനെയാണു ചെയ്യുന്നത്?
2. എന്താണു നന്നായി പ്രവർത്തിക്കുന്നത്? നിങ്ങളുടെ ഏറ്റവും വലിയ വെല്ലുവിളികൾ എന്തെല്ലാമാണ്?
3. നിങ്ങളുടെ ഇപ്പോഴത്തെ തലമുറകളുടെ ഭൂപടം അവലോകനം ചെയ്യുക.
4. നിങ്ങൾക്കുണ്ടായ വെല്ലുവിളി / നിങ്ങൾക്കു ഗ്രഹിക്കാൻ പ്രയാസമേറിയ കാര്യം?

5. ദൈവം അടുത്തിടെ നിങ്ങളെ കാണിച്ചുതരുന്ന കാര്യമെന്താണ്?
6. തഴക്കം വന്ന നേതാക്കന്മാർക്കോ മറ്റുള്ള അംഗങ്ങൾക്കോ എന്തെങ്കിലും ചോദിക്കാനുനുണ്ടോ?

**മുന്നോട്ടു നോക്കുക** [1/3 സമയം]

ഗ്രൂപ്പ് അംഗങ്ങളെല്ലാം നിശ്ശബ്ദമായി പ്രാർത്ഥിക്കുക.താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുക:

7. അടുത്ത തവണ കൂടിവരുന്നതിനു മുമ്പ് ഞാൻ നിറവേറ്റണമെന്നു ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങളേതെല്ലാം? (അതിനായി നാലുനിലച്ചിത്രം ഉപയോഗിക്കുക).
8. ഈ വേലയിൽ എന്റെ മെന്റർക്ക്/മറ്റു ഗ്രൂപ്പ് അംഗങ്ങൾക്ക് എന്നെ എങ്ങനെ സഹായിക്കാനാവും?

ഒടുവിൽ, ഗ്രൂപ്പായി പ്രാർത്ഥിക്കുക.


ഗ്രൂപ്പായി പ്രാർത്ഥിക്കട്ടെ, അങ്ങനെ അംഗങ്ങൾക്കെല്ലാം പ്രാർത്ഥിക്കാമല്ലോ. എല്ലാവരുടെ ഹൃദയങ്ങളെ ദൈവം ഒരുക്കാനായി അപേക്ഷിക്കുക. വേറിട്ടു പ്രാർത്ഥിക്കുന്ന സമയം ദൈവം അതു ചെയ്യും.

കൂടിവരവിൽ അംഗങ്ങൾ, ദൈവത്തിൽനിന്നു പഠിച്ച കാര്യങ്ങൾ പ്രായോഗികമാക്കാനും അനുസരിക്കാനും വേണ്ടുന്ന ധൈര്യവും ബലവും ദൈവം നൽകാനായി പ്രാർത്ഥിക്കുക. തഴക്കം ചെന്ന ഒരു നേതാവിന് ഒരു യുവനേതാവിനുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കാൻ പറ്റിയ സമയം ഇതാണ്.

ഈ ഗ്രൂപ്പുകൾ അകലം വിട്ടു കൂടിവരുന്നതിനാൽ, നിങ്ങൾക്കു കർത്താവിന്റെ അത്താഴം ആചരിക്കുന്നതിനോ, ഒരുമിച്ചു ഭക്ഷണം കഴിക്കുന്നതിനോ കഴിയില്ലായിരിക്കാം. എന്നാൽ, അന്യോന്യം വിശേഷങ്ങൾ തിരക്കുന്നതിലും ക്ഷേമമന്വേഷിക്കുന്നതിലും ഉപേക്ഷകാട്ടരുത്.

## നാലുനിലച്ചിത്രം

**(Four Fields Diagnostic Diagrom)**




**പെരുകുന്ന നിലം:** വിശ്വസ്തരെ കണ്ടെത്തുന്നതിനായി, അവരെ ഒരുക്കുന്നതിനായി, അവർ പെരുകലിന്റെ കണക്കുകൊടുക്കുന്നവരായിരിക്കാനായി നിങ്ങൾ ആരെ, എങ്ങനെ, എപ്പോൾ തേടും?


**ശൂന്യമായ നിലം:** എവിടെ / ആരെ [ഏതു ജനവിഭാഗത്തെ] നിങ്ങൾ ദൈവരാജ്യവ്യാപ്തിക്കായി പ്ലാൻ ചെയ്യും?

**വിതയ്ക്കുന്ന നിലം:** എവിടെ / ആരോടു നിങ്ങൾ സുവിശേഷം പറയും? എങ്ങനെയാണു നിങ്ങളതു ചെയ്യുക?


**വളരുന്ന നിലം:** നിങ്ങൾ ആളുകളെ അവരുടെ സ്വാഭാവികമായ ചുറ്റുപാടുകളിൽ ആത്മീയമായും വ്യക്തിപരമായും വളർത്തി സജ്ജരാക്കുന്നത് എങ്ങനെയാണ്?

**കൊയ്യുന്ന നിലം:** പുതിയ ആത്മീയകുടുംബങ്ങൾ [ലളിതമായ സഭകൾ] എങ്ങനെ രൂപീകൃതമാകുന്നു?

# തലമുറപരമായ ഭൂപടത്തിൽ ലളിതമായ സഭയുടെ പ്രാതിനിധ്യം




ഗ്രൂപ്പ് ലീഡറുടെ പേര്




സ്ഥാനം / ആരംഭ തീയതി

# അനുബന്ധം

## 3/3 ഗ്രൂപ്പ് പരമ്പര

പ്രത്യാശാ പരമ്പര [അന്വേഷകർക്ക്]
"മുകളിലേക്കു നോക്കുക" എന്ന ഭാഗത്തിനായി, താഴെയുള്ള വചനങ്ങൾ ഉപയോഗിക്കുക. ചില വചനങ്ങൾ ഗ്രഹിക്കുന്നതിനായി, നിങ്ങളുടെ ഗ്രൂപ്പിന് ഒന്നിലധികം തവണ കൂടിവരേണ്ടിവരും.

1. പാപിക്കു പ്രത്യാശ: ലൂക്കോസ് 18:9-14
2. ദരിദ്രനു പ്രത്യാശ: ലൂക്കോസ് 12:13-34
3. പുറപ്പെട്ടുപോയവനു പ്രത്യാശ: ലൂക്കോസ് 15: 11-32
4. നഷ്ടപ്പെട്ടവർക്കു പ്രത്യാശ: ലൂക്കോസ് 19:1-10
5. ദു:ഖിതർക്കു പ്രത്യാശ: യോഹന്നാൻ 11:1-44
6. അന്വേഷകർക്കു പ്രത്യാശ: യോഹന്നാൻ 3:1-21

---

**യോഹന്നാനിലെ അടയാളങ്ങൾ [അന്വേഷകർക്കുള്ള]**

"മുകളിലേക്കു നോക്കുക" എന്ന ഭാഗത്തിനായി, താഴെക്കൊടുക്കുന്ന വചനങ്ങൾ ഉപയോഗിക്കുക. ചില വാക്യങ്ങൾക്കായി ഒന്നിലധികം തവണ കൂടിവരേണ്ടുന്ന ആവശ്യമുണ്ടായേക്കാം.

1. വെള്ളം വീഞ്ഞാക്കിയത്: യോഹന്നാൻ 2:1-12
2. രാജഭൃത്യന്റെ മകനെ സൗഖ്യമാക്കിയത്: യോഹന്നാൻ 4: 46-54
3. പക്ഷവാതക്കാരനെ സൗഖ്യമാക്കിയത്: യോഹന്നാൻ 5:1-17
4. അയ്യായിരം പേർക്കു ഭക്ഷണം നൽകിയത്: യോഹന്നാൻ 6:1-14
5. വെള്ളത്തിന്മീതെ നടന്നത്: യോഹന്നാൻ 6:15-25
6. ജന്മനാ അന്ധനായവനെ സൗഖ്യമാക്കിയത്: യോഹന്നാൻ 9:1-41
7. മരിച്ച ലാസറിനെ ഉയർപ്പിച്ചത്: യോഹന്നാൻ 11:1-46

---

**തുടക്കം: ആദ്യത്തെ 8 കൂടിവരവുകൾ**
നേരത്തെ തന്നെ വിശ്വാസികളായിട്ടുള്ള, അപ്പോൾത്തന്നെ മുമ്പ് ഇങ്ങനെയുള്ള ഗ്രൂപ്പിൽ പങ്കെടുക്കാത്തവരായവർക്കു ചേരുന്നതാണിത്. എട്ടു സെഷനുകളായി പൊതുവായ മാർഗ്ഗനിർദ്ദേശമുള്ള പ്രാക്റ്റിസ് ഭാഗമുണ്ട്. വ്യക്തിഗതമായ പ്രാക്റ്റിസ് തുടർന്നുള്ള കൂടിവരവുകളിൽ ആരംഭിക്കുന്നു.

**1. നിങ്ങളുടെ കഥ (സാക്ഷ്യം) പറയുക**
മുകളിലേക്കു നോക്കുക: മർക്കോസ് 5:1-20,18-20 വാക്യങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിക്കുക.

**പ്രാക്റ്റിസ്:** നിങ്ങളുടെ കഥ (സാക്ഷ്യം) പറഞ്ഞു പഠിക്കുക. അതു നിങ്ങൾ പരിശീലിക്കേണ്ടതാവശ്യമാണ്. ആളുകളോട് യേശുവിനെക്കുറിച്ചു നിങ്ങൾ പറയുമ്പോൾ, സാക്ഷ്യം പങ്കിടാൻ നിങ്ങൾ ഒരുങ്ങിയിരിക്കണം:

- യേശുവിനെ അനുഗമിക്കുന്നതിനുമുമ്പുള്ള നിങ്ങളുടെ ജീവിതത്തെക്കുറിച്ചു പറയുക. നിങ്ങളുടെ അനുഭവങ്ങൾ [വേദന, ഏകാന്തത], ചോദ്യങ്ങൾ [മരണാനന്തരം എന്തു സംഭവിക്കുന്നു], യേശുവിനെ അനുഗമിക്കുന്നതിനുമുമ്പു നിങ്ങൾക്കുണ്ടായ പ്രശ്നങ്ങൾ എന്നിവ വിവരിക്കുക.

- നിങ്ങൾ യേശുവിന്റെ അനുഗാമിയായതെങ്ങനെയെന്നു പറയുക. യേശുവിനെക്കുറിച്ചു പറയുക! യേശുവിനെക്കുറിച്ച് അത്യാവശ്യമായും പറയേണ്ടത്: നമ്മുടെ പാപം മൂലം നാമെല്ലാവരും ദൈവത്തോടു ശത്രുക്കളായി. നമ്മുടെ പാപം കാരണം നാം മരിക്കും. എന്നാൽ യേശുവിൽ നാം വിശ്വാസമർപ്പിക്കുമ്പോൾ, നാം രക്ഷിക്കപ്പെടുന്നു. യേശു, നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു.

- യേശുവിനെ അനുഗമിച്ചതിനു ശേഷമുള്ള നിങ്ങളുടെ ജീവിതത്തെക്കുറിച്ചു പറയുക. നിങ്ങളുടെ ജീവിതത്തെ യേശു എങ്ങനെ രൂപാന്തരപ്പെടുത്തിയെന്നു പറയുക. യേശു നൽകിയ സന്തോഷം, സമാധാനം, പാപക്ഷമ എന്നിവയെപ്പറ്റിപ്പറയുക.

- പ്രതികരണം ആവശ്യപ്പെടുക. നിങ്ങളുടെ സാക്ഷ്യത്തിനു പ്രതികരണം വേണം. ഒരു ചോദ്യം ചോദിച്ച് അവസാനിപ്പിക്കുന്നത് ആ വ്യക്തിയുടെ ആത്മീയതാത്പര്യം മനസ്സിലാക്കാൻ സഹായിക്കും. ഇങ്ങനെ ചോദിക്കാം: "താങ്കൾക്കു പാപക്ഷമ കിട്ടുന്നതെങ്ങനെയെന്നറിയാൻ ആഗ്രഹമുണ്ടോ?" / "ദൈവം, താങ്കളുടെ ജീവിതത്തെ മാറ്റുന്നതു താങ്കൾക്കിഷ്ടമാണോ?"

- ചുരുക്കിപ്പറയുക [3 മിനിറ്റോ, അതിൽ കുറവോ]. നിങ്ങളുടെ സാക്ഷ്യം ചുരുങ്ങിയതും കേൾക്കാൻ താത്പര്യം ജനിപ്പിക്കുന്നതുമായിരിക്കട്ടെ. മുഷിപ്പിക്കുന്നതോ നീട്ടിപ്പറയുന്നതോ ആകരുത്;കേൾക്കുന്നയാൾ മടുക്കും, കേൾക്കാനുള്ള ആ വ്യക്തിയുടെ താത്പര്യം നശിക്കും.

- ഗ്രൂപ്പിലുള്ള ആരോടെങ്കിലും താങ്കളുടെ സാക്ഷ്യം പറഞ്ഞു ശീലിക്കുക.

- സാക്ഷ്യം പറയാൻ അഞ്ചു പേരെ തിരഞ്ഞെടുക്കുക. നിങ്ങൾക്കറിയാവുന്നവരിൽ 5 പേരോട് ഈയാഴ്ച നിങ്ങളുടെ സാക്ഷ്യം പറയുക. അവർ ആരൊക്കെയാണെന്നു കാണിച്ചുതരണമേയെന്നു ദൈവത്തോടു പ്രാർത്ഥിക്കുക.

---

## 2. യേശുവിന്റെ കഥ (സുവിശേഷം) പറയുക

മുകളിലേക്കു നോക്കുക: 1 കൊരിന്ത്യർ 15:1-8; റോമർ 3:23; 6:23

**പ്രാക്റ്റിസ് ചെയ്യുക:** സുവിശേഷക്യൂബ് / മറ്റേതെങ്കിലും ലളിതമായ മാർഗ്ഗമുപയോഗിച്ചുകൊണ്ട് ഗ്രൂപ്പിലുള്ളവരെക്കൊണ്ട് സുവിശേഷം പറയിക്കണം.ഈയാഴ്ച നിങ്ങളുടെ സാക്ഷ്യവും യേശുവിന്റെ സുവിശേഷവും 5 പേരോടു പറയണം. ആഴ്ചതോറും ഇതു ചെയ്യണം.

---

**3. അനുഗമിക്കുക, മീൻ പിടിക്കുക:**

**മുകളിലേക്കു നോക്കുക:** മർക്കോസ് 1:16-20

**പ്രാക്റ്റിസ് ചെയ്യുക:** നിങ്ങൾക്കറിയാവുന്ന നൂറു പേരുടെ ലിസ്റ്റ് ഒരു കടലാസിലെഴുതുക [കുടുംബാംഗങ്ങൾ, സ്നേഹിതർ, അയൽക്കാർ, സഹപ്രവർത്തകർ, സഹപാഠികൾ].അവർ യേശുവിനെ അറിയേണ്ടുന്നവരാണ്. നിങ്ങളുടെ സാക്ഷ്യവും യേശുവിന്റെ സുവിശേഷവും അവരിൽ 5 പേരോട് ഈയാഴ്ച പറയുക. ആഴ്ചതോറും ഇതു ചെയ്യുക.

---

**4. സ്നാനം**

**മുകളിലേക്കു നോക്കുക:** റോമർ 6:3,4 ; പ്രവൃത്തികൾ 8:26-40

**പ്രാക്റ്റിസ് ചെയ്യുക:** അടുത്തു വെള്ളമുള്ള സ്ഥലം കണ്ടെത്തുക [കുളം, നദി, കായൽ/തടാകം, റ്റാങ്ക്]. അവിടെ പുതിയ വിശ്വാസികളെ സ്നാനപ്പെടുത്താം. വിശ്വാസികളായിത്തീർന്നാലുടനെ സ്നാനപ്പെടുത്തുന്ന രീതി തുടരുക. സ്നാനത്തെക്കുറിച്ചു കൂടുതലായി ഗ്രഹിക്കാൻ പ്രവൃത്തികൾ 2:37-41; 8:5-13, 8:36-38; 9:10-19; 10:47-48; 16:13-15; 16:27-34; 18:5-9; 1കൊരിന്ത്യർ 1:10-17; പ്രവൃത്തികൾ 19:1-5, പ്രവൃത്തികൾ 22:14-17

ഈയാഴ്ച 5 പേരോട് നിങ്ങളുടെ സാക്ഷ്യവും യേശുവിന്റെ സുവിശേഷവും പറയുക. ആഴ്ചതോറും ഇതു ചെയ്യുക.

---

**5. ദൈവവചനം The Bible**

**മുകളിലേക്കു നോക്കുക:** 2 തിമൊഥെയോസ് 3:14-16

**പ്രാക്റ്റിസ് ചെയ്യുക:** 7 വചനപഠനചോദ്യങ്ങൾ മന:പാഠമാക്കി അവ ഉരുവിടുക [ലളിതമായ കൂടിവരവുരീതിയിലെ 1-7 വരെയുള്ള ചോദ്യങ്ങൾ]

നിങ്ങളുടെ സാക്ഷ്യവും യേശുവിന്റെ സുവിശേഷവും 5 പേരോട് ഈയാഴ്ച പറയുക. ആഴ്ചതോറും ഇതു ചെയ്യുക.

---

**6. ദൈവവുമായി സംസാരിക്കുക**

**മുകളിലേക്കു നോക്കുക:** മത്തായി 6:9-13

**പ്രാക്റ്റിസ് ചെയ്യുക:** ദൈവവുമായി സംസാരിക്കുന്നതെങ്ങനെയെന്നു ഗ്രഹിക്കാൻ നിങ്ങളുടെ കൈ ഉപയോഗിക്കുക. യേശുവിന്റെ പ്രാർത്ഥന മൂലം (മത്തായി 6:9-13), നിങ്ങളുടെ കൈ ഉപയോഗിച്ചുകൊണ്ട് ഗ്രൂപ്പായി പ്രാർത്ഥിക്കുക.

1. **കൈപ്പത്തി = ബന്ധങ്ങൾ.** വിരലുകളുടെ അടിത്തറ കൈപ്പത്തിയായതിനാൽ, ദൈവവുമായി നമ്മുടെ വ്യക്തിപരമായുള്ള ബന്ധത്തിനുവേണ്ടി ദൈവത്തോടൊപ്പം മാത്രം ചെലവിടുന്ന സമയമാണത്. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..." [മത്തായി 6:9]

2. **തള്ളവിരൽ = ആരാധന.** ദൈവത്തോട് എന്തെങ്കിലും ചോദിക്കുന്നതിനുമുമ്പ് നാം ദൈവത്തെ ആരാധിക്കണമെന്ന് നമ്മുടെ തള്ളവിരൽ നമ്മെ ഓർമ്മിപ്പിക്കുന്നു." ...അവിടുത്തെ നാമം വിശുദ്ധീകരിക്കപ്പെടേണമേ" [മത്തായി 6:9]

3. **ചൂണ്ടുവിരൽ = സമർപ്പണം.** അടുത്തതായി നമ്മുടെ ജീവിതം, പ്ലാനുകൾ, കുടുംബം, സമ്പത്ത്, ജോലി, ഭാവി എന്നിവയെല്ലാം നാം സമർപ്പിക്കുന്നു." അങ്ങയുടെ രാജ്യം വരേണമേ, അങ്ങയുടെ ഇഷ്ടം നിറവേറണമേ..." [മത്തായി 6:10]

4. **നടുവിരൽ = ചോദിക്കുക / അപേക്ഷിക്കുക.** നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാനാണു പിന്നെ നാം ദൈവത്തോടപേക്ഷിക്കുന്നത്. "ഇന്നത്തെ ഞങ്ങളുടെ ആഹാരം ഞങ്ങൾക്കു തരണമേ" [മത്തായി 6:11]

5. **നാലാം വിരൽ = പാപക്ഷമ.** നമ്മുടെ പാപങ്ങൾ ക്ഷമിക്കാൻ നാം ദൈവത്തോട് ഇപ്പോൾ അപേക്ഷിക്കുകയാണ്." ഞങ്ങൾ മറ്റുള്ളവരോടു ക്ഷമിച്ചതുപോലെ" [മത്തായി 6:12]

6. **ചെറുവിരൽ = സംരക്ഷണം.** പിന്നീടു നാം ഇതാണു ചോദിക്കുന്നത്. "ഞങ്ങളെ പ്രലോഭനത്തിനു വശംവദരാക്കാതെ, ദുഷ്ടന്റെ കൈയിൽ നിന്നു വിടുവിക്കണമേ" [മത്തായി 6:13]

7. **തള്ളവിരൽ [വീണ്ടും] = ആരാധന.** തുടങ്ങിയതുപോലെതന്നെ നാം അവസാനിപ്പിക്കുകയാണ്. സർവ്വശക്തനായ ദൈവത്തെ നാംആരാധിക്കുകയാണ്: "രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങേയ്ക്കുള്ളതല്ലോ. ആമേൻ". [മത്തായി 6:13]

ഈയാഴ്ച 5 പേരോടു നിങ്ങളുടെ സാക്ഷ്യവും യേശുവിന്റെ സുവിശേഷവും പറയുക. ആഴ്ചതോറും ഇതു ചെയ്യുക.

---

### 7. കഠിനമായ സന്ദർഭങ്ങൾ

**മുകളിലേക്കു നോക്കുക:** പ്രവൃത്തികൾ 5:17-42; മത്തായി 5:43,44


**പ്രാക്റ്റിസ് ചെയ്യുക:** നിങ്ങളുടെ പുതിയ വിശ്വാസം നിമിത്തം നിങ്ങൾക്കുണ്ടായ ഒരു പ്രയാസം / ബുദ്ധിമുട്ട് ഗ്രൂപ്പിൽ പങ്കിടുക. നിങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ സൂചിപ്പിക്കുക.അതിനോടൊക്കെ എങ്ങനെ പ്രതികരിക്കുമെന്ന് (യേശു പഠിപ്പിച്ചതുപോലെസ്നേഹത്താടും ധൈര്യത്തോടും) അഭിനയിച്ചുകാട്ടുക. ആവശ്യങ്ങൾ വരുന്നതനുസരിച്ചു പ്രാർത്ഥിക്കുക. ഓരോരുത്തരും ആവശ്യങ്ങൾ പറഞ്ഞു കഴിയുമ്പോൾ, അവയ്ക്കായി പ്രാർത്ഥിക്കുക. ഈയാഴ്ച 5 പേരോട് നിങ്ങളുടെ സാക്ഷ്യവും യേശുവിന്റെ സുവിശേഷവും പറയുക. ആഴ്ചതോറും അതു ചെയ്യുക.

---

### 8. ഒരു സഭയായിത്തീരുക

**മുകളിലേക്കു നോക്കുക:** പ്രവൃത്തികൾ 2:42-47; 1 കൊരിന്ത്യർ 11:23-34

**പ്രാക്റ്റിസ് ചെയ്യുക:** ഈ വചനങ്ങളിൽ വിവരിച്ചിരിക്കുന്നതുപോലെയുള്ള ഒരു സഭയായിത്തീരാൻ നിങ്ങളുടെ ഗ്രൂപ്പ് ചെയ്യേണ്ടതെന്തെന്നു ചർച്ച ചെയ്യുക. നിങ്ങളുടെ ഗ്രൂപ്പിനെ, കുത്തുകൾ കൊണ്ടുള്ള ഒരു വൃത്തമാക്കി ഒരു കടലാസിൽ വരയ്ക്കുക. അതിനു മുകളിലായി, 3 സംഖ്യകളെഴുതുക: തുടർച്ചയായി സംബന്ധിക്കുന്നവരുടെ എണ്ണം [ആൾരൂപം], യേശുവിൽ വിശ്വസിക്കുന്നവരുടെ എണ്ണം [കുരിശ്], വിശ്വസിച്ചശേഷം സ്നാനമേറ്റവരുടെ എണ്ണം [വെള്ളത്തിന്റെ ചിത്രം].



ഒരു സഭയായിരിക്കാൻ നിങ്ങളുടെ ഗ്രൂപ്പ് തീരുമാനിച്ചെങ്കിൽ, കുത്തുകൾ യോജിപ്പിച്ച് വൃത്തം വരയ്ക്കുക.താഴെക്കാണുന്നവയോരോന്നും നിങ്ങൾ തുടർച്ചയായി അനുഷ്ഠിക്കുന്നുണ്ടെങ്കിൽ, അവയുടെ ചിത്രം, വൃത്തത്തിനുള്ളിൽ വരയ്ക്കുക. നിങ്ങൾ അതു ചെയ്യാതെ, പുറമേനിന്ന് ഒരാൾ വന്നാണ് അതു ചെയ്യുന്നതെങ്കിൽ, വൃത്തത്തിനു പുറത്തായി അവ വരയ്ക്കുക.



1. ഒരു സഭയായിരിക്കാനുള്ള സമർപ്പണം: കുത്തുകൾകൊണ്ടുള്ള വൃത്തത്തിനു പകരമായി, വരയിട്ടുള്ള വൃത്തം.
2. സ്നാനം = വെള്ളം
3. ദൈവവചനം = പുസ്തകം
4. കർത്താവിനെ സ്മരിക്കുന്നു (കർത്താവിന്റെ മേശ) അപ്പവും പാനപാത്രവും
5. കൂട്ടായ്മ = ഹൃദയം
6. കൊടുക്കൽ, ശുശ്രൂഷ = രൂപയുടെ ചിഹ്നം
7. പ്രാർത്ഥന= കൂപ്പുകൈ
8. സ്തുതി = ഉയർത്തിയ കൈ
9. യേശുവിനെക്കുറിച്ച് ആളുകളോടു പറയുന്നത് = പരസ്പരം കരം ഗ്രഹിച്ച സ്നേഹിതർ
10. അവൻ വിശ്വാസത്തിലേക്ക് നയിക്കുന്നു
11. നയിക്കുന്നവർ = ചിരിക്കുന്ന മുഖങ്ങൾ രണ്ടെണ്ണം

ആരോഗ്യമുള്ള ഒരു സഭയാകാൻ സഹായിക്കുന്ന എന്താണു നിങ്ങളുടെ ഗ്രൂപ്പിനില്ലാത്തത്?

നിങ്ങളുടെ സാക്ഷ്യവും യേശുവിന്റെ സുവിശേഷവും 5 പേരോട് ഈയാഴ്ച പറയുക. ആഴ്ചതോറും ഇതു ചെയ്യുക.

---

**അടുത്തത് എവിടെ?**

3/3 കണ്ടെത്തൽ പാത, അല്ലെങ്കിൽ 3/3 ബലപ്പെടുത്തൽ പാതയിലൂടെ പോവുക. അതല്ലെങ്കിൽ, ഏതെങ്കിലും സുവിശേഷഭാഗം [യോഹന്നാൻ / മർക്കോസ്] തിരഞ്ഞെടുക്കുക [ഒരു കഥ മാത്രം ഒരു കൂടി വരവിൽ മതി].

---

**കണ്ടെത്തൽ പരമ്പര**
[ബൈബിൾ പരിചയം ആവശ്യമായ ഗ്രൂപ്പുകൾക്കുവേണ്ടി]

"മുകളിലേക്കു നോക്കുക" എന്ന ഭാഗത്തിനുവേണ്ടി, താഴെയുള്ള വചനഭാഗങ്ങൾ നിങ്ങളുടെ ഗ്രൂപ്പിൽ ഉപയോഗിക്കുക. ചില ഭാഗങ്ങൾ ഗ്രഹിക്കാൻ, ഒന്നിലധികം തവണ കൂടി വരേണ്ടിവന്നേക്കാം.

---

**ദൈവത്തെ കണ്ടെത്തുക.** ദൈവം ആരാണ്, ദൈവം എന്തുപോലെയാണ്?

1. സൃഷ്ടി. ഉല്പത്തി 1
2. മനുഷ്യസൃഷ്ടി. ഉല്പത്തി 2
3. മനുഷ്യന്റെ അനുസരണക്കേട്. ഉല്പത്തി 3
4. നോഹയും പ്രളയവും. ഉല്പത്തി 6:5-8:14
5. നോഹയോടുള്ള ദൈവത്തിന്റെ വാഗ്ദത്തം.ഉല്പത്തി 8:15-9:17
6. ദൈവം, അബ്രാഹാമിനോടു സംസാരിക്കുന്നു. ഉല്പത്തി 12:1-7; 15:1-6
7. ദാവീദ്, അബ്രാഹാമിന്റെ സന്തതികളുടെ രാജാവാകുന്നു. 1 ശമൂവേൽ 16:1-13; 2 ശമൂവേൽ 7:1-28
8. ദാവീദുരാജാവും ബേത്ത്ശേബയും. 2 ശമൂവേൽ 11:1-27
9. നാഥാന്റെ കഥ. 2 ശമൂവേൽ 12:1-25
10. ദൈവം വാഗ്ദത്തം ചെയ്ത രക്ഷകൻ വരും. യെശയ്യാവ് 53

യേശുവിനെ കണ്ടെത്തുക. യേശു ആരാണ്, എന്തിനാണ് യേശു വന്നത്?

1. രക്ഷകൻ ജനിച്ചു. മത്തായി 1:18-25
2. യേശുവിന്റെ സ്നാനം. മത്തായി 3:7-9, 13-15
3. ഭ്രാന്തൻ സൗഖ്യമായി.മർക്കോസ് 5:1-20
4. യേശു ഒരിക്കലും ആടുകളെ നഷ്ടമാക്കുന്നില്ല. യോഹന്നാൻ 10:1-30
5. യേശു, അന്ധനെ സൗഖ്യമാക്കുന്നു. ലൂക്കോസ് 18:31-42
6. യേശുവും സക്കായിയും.ലൂക്കോസ് 19:1-9
7. യേശുവും മത്തായിയും. മത്തായി 9:9-13
8. യേശു, ഏകവഴി.യോഹന്നാൻ 14:1-15
9. പരിശുദ്ധാത്മാവു വരുന്നു. യോഹന്നാൻ 16:5-15
10. അന്ത്യ അത്താഴം.ലൂക്കോസ് 22:14-20
11. അറസ്റ്റും വിചാരണയും.ലൂക്കോസ് 22:47-53; 23:13-24
12. വധശിക്ഷ.ലൂക്കോസ് 23:33-56
13. യേശു ജീവനോടെ.ലൂക്കോസ് 24:1-7, 36-47 ; പ്രവൃത്തികൾ 1:1-11

14. വിശ്വാസവും പ്രവൃത്തിയും. ഫിലിപ്പിയർ 3:3-9

---

**ബലപ്പെടുത്തൽ പരമ്പര**

[പുതുവിശ്വാസികൾക്കായി / ശിഷ്യത്വത്തിൽ ശ്രദ്ധ പതിക്കേണ്ടുന്ന ഗ്രൂപ്പുകൾക്കായി]

**യേശു പറയുന്നു.** യേശുവിന്റെ അടിസ്ഥാനകല്പനകൾ അനുസരിക്കാൻ പഠിക്കുക. ലിസ്റ്റിലുള്ളവരോട് തുടർന്നും യേശുവിനെക്കുറിച്ചു പറയുക.

**1.1** പഠിക്കുക, ചെയ്യുക. യോഹന്നാൻ 14:15-21

**1.2** അനുതപിക്കുക / മാനസാന്തരപ്പെടുക. വിശ്വസിക്കുക. അനുഗമിക്കുക. മർക്കോസ് 1:14-17 എഫെസ്യർ 2:1-10

**1.3** സ്നാനപ്പെടുക. മത്തായി 28:19; പ്രവൃത്തികൾ 8:26-38

**1.4** ദൈവത്തെ സ്നേഹിക്കുക. ജനത്തെ സ്നേഹിക്കുക. ലൂക്കോസ് 10:25-37

---

ഇതും യേശു പറയുന്നതാണ്. യേശുവിന്റെ അടിസ്ഥാനകല്പനകൾ അനുസരിക്കാൻ പഠിക്കുക. ലിസ്റ്റിലുള്ളവരോട് തുടർന്നും യേശുവിനെക്കുറിച്ചു പറയുക.

**2.1** ദൈവവുമായി സംസാരിക്കുക. മത്തായി 6:9-13. യേശുവിന്റെ മാതൃകാ പ്രാർത്ഥന പഠിച്ചു പറയുക.

**2.2** യേശുവിന്റെ സ്മരണ ആചരിക്കുക.ലൂക്കോസ് 22:14-20; 1 കൊരിന്ത്യർ 11:23-32

**2.3** കൊടുക്കുക. പ്രവൃത്തികൾ 4:32-37

**2.4** കൈമാറുക. മത്തായി 28:18-20

---

ഞാൻ അനുഗമിക്കുന്നതുപോലെ അനുഗമിക്കുക. ശിഷ്യരാക്കുക. നിങ്ങൾ പഠിച്ചതു മറ്റുള്ളവർക്കു പകർന്നുകൊടുക്കുക. അവരും അതു പകർന്നുകൊടുക്കാൻ അവരെ പഠിപ്പിക്കുക.

**3.1** ഒരു ശിഷ്യനെ കണ്ടെത്തുക.2 തിമോഥെയൊസ് 1:1-14

**3.2** പകർന്നുകൊടുക്കുക.2 തിമോഥെയോസ് 2:1-4, 14-16

**3.3** മറ്റുള്ളവരെ ഉപദേശിക്കാൻ (to teach) അവരെ പഠിപ്പിക്കുക. 2 തിമോഥെയോസ് 3:1-17

**3.4** കഠിനമായ സന്ദർഭങ്ങൾ.2 തിമോഥെയോസ് 4:1-22

---

**നിങ്ങളുടെ 3/3 ഗ്രൂപ്പിനെ പെരുക്കുക** - നിങ്ങളുടെ ശിഷ്യരെ പുതിയ ഗ്രൂപ്പിലേക്കു കൂട്ടിച്ചേർക്കുക.

**4.1** ഒരു പ്ലാൻ തയ്യാറാക്കി, തുടങ്ങുക. ലൂക്കോസ് 10:1-11. പുതിയ ഒരു ഗ്രൂപ്പ് നിങ്ങൾ തുടങ്ങുമ്പോൾ, യേശുവിന്റെ നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.

**4.2** കൂടിവരിക.പ്രവൃത്തികൾ 2:14-47

**4.3** സമാധാനവ്യക്തി. മർക്കോസ് 5:1-20, 6:53-56. സുവിശേഷം പറയാൻ മനസ്സുള്ളവരെ അന്വേഷിക്കുക. അവരെയും, അവരുടെ ടുംബത്തെയും കൂട്ടുകാരെയും വച്ചുകൊണ്ട് ഒരു ഗ്രൂപ്പ് തുടങ്ങുക.

**4.4** ആരാണു തയ്യാറാവുക. മത്തായി 13:1-9, 18-23

---

**നയിക്കുക** - ഒരു 3/3 ഗ്രൂപ്പ് നയിക്കുന്നതെങ്ങനെയെന്നു പഠിക്കുക.

**5.1** മാതൃക [ഇതുപോലെ നയിക്കുക]. യോഹന്നാൻ 13:1-17
**5.2** മാതൃക [ഇതുപോലെ നയിക്കരുത്]. 3 യോഹന്നാൻ 5-14
**5.3** സഹായിക്കുക. മർക്കോസ് 4:35-41
**5.4** വീക്ഷിക്കുക.ലൂക്കോസ് 10:1-11,17,20
**5.5** വിട്ടുകൊടുക്കുക. മത്തായി 25:14-30

---

**പോവുക** – ചുറ്റുവട്ടത്ത് (local). ചുറ്റുവട്ടത്തു സുവിശേഷമെത്തിക്കുന്നത് എങ്ങനെയെന്നു പഠിക്കുക.

**6.1** പോവുക: ചുറ്റുവട്ടത്ത് / നാട്ടിൽ പ്രവൃത്തികൾ 1:1-8

**6.2** ദരിദ്രരെ സഹായിക്കുക. സുവിശേഷം പങ്കിടുക. ലൂക്കോസ് 7:11-23

**6.3** ദൈവം അയയ്ക്കുന്നിടത്തു പോവുക. പ്രവൃത്തികൾ 10:9-48

**6.4** പ്ലാൻ ചെയ്ത് പോവുക. പ്രവൃത്തികൾ 13:1-3, 32, 33, 38, 39; 4:21-23, 26, 27

---

**പോവുക: ലോകമെമ്പാടും** – ഭൂമിയുടെ അറ്റത്തോളം സുവിശേഷമെത്തിക്കുന്നത് എങ്ങനെയെന്നു പഠിക്കുക.

**7.1** പോവുക: ലോകമെമ്പാടും. പ്രവൃത്തികൾ 1:1-8; മത്തായി 28:19,20

**7.2** ദൈവം അയയ്ക്കുന്നിടത്തു പോവുക. പ്രവൃത്തികൾ 8:26-38

**7.3** എല്ലാ ജനവിഭാഗങ്ങളെയും ദൈവം സ്നേഹിക്കുന്നു. യോഹന്നാൻ 4:4-30, 39-41

**7.4** ഒരു പ്ലാനോടെ പോവുക പ്രവൃത്തികൾ 13:1-3, 32, 33, 38, 39; 14:21-23, 26, 27

---

**അടിസ്ഥാനകാര്യങ്ങൾ ഓർക്കുക.** നിങ്ങൾ കൂടിവരുമ്പോൾ ചെയ്യേണ്ടതെന്താണെന്നു പഠിക്കുക.

**8.1** യേശു ഒന്നാമത്.ഫിലിപ്പിയർ 2:1-11

**8.2** ദൈവവുമായി സംസാരിക്കുക. മത്തായി 6:9-13

**8.3** സമൂഹം.എബ്രായർ 10:23-25

**8.4** ദൈവവചനം. 2 തിമോഥെയോസ് 3:10-17

---

**സമർപ്പിക്കുക** - ഉറച്ചു നിന്ന് യേശുവിനെ അനുഗമിക്കാൻ പഠിക്കുക.

**9.1** അനുസരണക്കേട്. യോനാ 1

**9.2** സമർപ്പിക്കുക. യോനാ 2

**9.3** അനുസരിക്കുക. യോനാ 3

**9.4** എല്ലാ വഴിയിലും അനുസരിക്കുക. യോനാ 4

**9.5** ഒന്നുകിൽ ഉപയോഗിക്കുക, അല്ലെങ്കിൽ നഷ്ടപ്പെടുത്തുക. മത്തായി 25:14-30

**അടുത്തത് എവിടെ?**
നിങ്ങളുടേതായ വചനഭാഗങ്ങൾ തിരഞ്ഞെടുക്കുക, തുടർന്നും കൂടിവരിക. ഇതേ ചോദ്യങ്ങളും ഗ്രൂപ്പ് മീറ്റിങ് രീതിയും ഉപയോഗിക്കുക. കൂടിവരുന്നതു നിർത്താതിരിക്കുക.

പെരുകുന്ന ശിഷ്യർ